
# NEW VISION
# FOR A CHANGING WORLD

VOL.2 ISSUE 8 APRIL 2002

കോൺഗ്രസ് ആരംഭിച്ച ആഗോളവത്കരണ പരിപാടികൾ ബി.ജെ.പി. ഇപ്പോൾ വ്യാപകമാക്കിയിരിക്കയാണ്. ഇത് ചൂഷണത്തിന്റെ പുതിയ മുഖമാണെന്ന് തിരിച്ചറിഞ്ഞ് ഗാന്ധിയൻ ജീവിത ശൈലികൊണ്ട് ചെറുത്തുനിൽക്കുകയാണ് കാലത്തിന്റെയാവശ്യം

പേജ് 4

–റവ. ഡോ. വൽസൻ തമ്പു



ജ്യോതിഷം ഒരു പാഠ്യവിഷയമാക്കുന്ന കാര്യമാണല്ലോ കാവി വത്കരണത്തിനുദാഹരണമായി ഉയർത്തിക്കാട്ടുന്നത്. എന്നാൽ ഞാൻ ചോദിക്കട്ടെ, ജ്യോതിഷം പഠിക്കുന്നതിൽ എന്താണിത്ര തെറ്റ്?

*–ഡോ. ഡി.ബാബു പോൾ*

പേജ് 10

## NEW VISION FOR A CHANGING WORLD

***Editorial Board***

**Prof. Mathew Koshy**
Chief Editor, New Vision,
Punnackad, Kozhencherry-689 652
☎/Fax:0473-314068
e-mail : mkoshy@satyam.net.in.

**Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
☎ 0481-351841
Fax: 0481-574987
e-mail: mandiram@md4.vsnl.net.in.

**Rev. A.C. Oommen,Kaviyoor**
☎ 0473-620187

**Rev. Dr. A.T.Abraham, Muvattupuzha**
☎ 0485-835120

**Rev. Dr. K.V. Mathew,Kottayam**
☎ 0481-573705

**Mr. M.Kurian,Manganam**
☎ 0481-578599

**Mr. Mathew P. Idicula, Chicago**
☎ 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. Zachariah Mathew, Kottayam**
☎ 0481-566135

***Advisory Board***

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu ▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Representative in Tamilnadu***

Mr. C.J. Rajan, 25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Co-ordinators in USA***

Mr.John K. Mathew, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston

***Contact person in USA***

Mr. Mathew P. Idicula, 8548 Wedge Wood Dr.
Burr Ridge, IL 60521, USA
☎ 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Contact person in CANADA***

Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
☎ (403) 239 - 8489, e-mail: jacobp@telusplanet.net

## വായനക്കാർ ദയവായി ശ്രദ്ധിക്കുക

**'NEW VISION FOR A CHANGING WORLD'**

is a monthly ecumenical publication of a public charitable Trust called Nava Darshan Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly from February 2001. It serves as a forum for exchange of views and interaction as well as a source of fresh thinking and inspiration for enlightened action. The magazine is supported solely by the voluntary contributions of its readers. Your contributions- intellectual and financial- are earnestly solicited.

മാസിക തപാലിൽ എല്ലാ മാസവും ഒന്നാം തീയതി നിങ്ങളുടെ പക്കൽ എത്തിച്ചേരാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. നിങ്ങളുടെ വിലാസത്തിൽ വരുന്ന മാറ്റങ്ങൾ എത്രയും വേഗം മാനേജരെ അറിയിക്കേണ്ടതാണ്. വരിസംഖ്യ നേരിട്ടോ മണിയോർഡർ/ഡി.ഡി മുഖേനയോ കൃത്യമായി എത്തിച്ചുതരാൻ ഉത്സാഹിക്കുമല്ലോ. ചെക്ക് അയയ്ക്കുന്നവർ ബാങ്ക് കമ്മിഷൻ ഇനത്തിൽ 15/- രൂപ കൂടെ ചേർത്തിരിക്കണം.

### ഒരറിയിപ്പ്

നിലവിലുള്ള അംഗങ്ങൾക്ക് വരിസംഖ്യ പുതുക്കുന്നതിനും പുതുതായി ചേരുന്നവർക്ക് വരിസംഖ്യയൊടുക്കുന്നതിനും താഴെപ്പറയുന്ന ഏജൻസികളിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

- ക്രൈസ്തവ സാഹിത്യസമിതി (CSS), തിരുവല്ല
- ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി (ELS), തിരുവനന്തപുരം
- ഡയോസിസൻ ബുക്ക് ഡിപ്പോ, കോട്ടയം
- നെല്ലിമല പേപ്പർ മാർട്ട്, കുമ്പനാട്
- തോംസൺ ബുക്ക് ഡിപ്പോ, കോഴഞ്ചേരി

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : | 75/-രൂപ |
| രണ്ടു വർഷത്തേക്ക് | : | 140/-രൂപ |
| മൂന്നു വർഷത്തേക്ക് | : | 200/-രൂപ |

സഭാശുശ്രൂഷകർക്ക് ഒരു വർഷത്തേക്ക് 60/- രൂപ മാത്രം

*പണമയയ്ക്കേണ്ട വിലാസം:-*

മാനേജർ, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം- 686 018.
☎ 0481 - 351841
Fax: 0481 - 574987
e-mail: mandiram@md4.vsnl.net.in

▪ ▪ ▪

*പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും പ്രതികരണങ്ങളും അയയ്ക്കേണ്ട വിലാസം:-*

ചീഫ് എഡിറ്റർ, ന്യൂ വിഷൻ, പുന്നയ്ക്കാട്
കോഴഞ്ചേരി-689 652.
☎/Fax: 0473 - 314068
e-mail: mkoshy@satyam.net.in.

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (Inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

പണമിടപാടുകൾ മുൻകൂട്ടി നടത്തേണ്ടതാണ്.

***Page Layout***
LEARNERS' Kottayam, Tel: 0481-567438

## CONTENTS


- **Interview with**
  - **1. Rev. Dr. Valson Thampu** 2
  - **2. Ms. Gladys Staines** 5
- **Literary Review** 6
  - പാർശ്വചിന്തകൾ
  - *ഡോ. സി. ജെ. റോയ്*
- **Biography** 7
  - **The Rt. Rev. Dr. C. K. Jacob**
  - *Dr. K. M. George*
- **Retrospection** 9
  - സഹനത്തെ സുവിശേഷമാക്കിയ...
  - *ഡോ. സിസ്റ്റർ ഷില*
- **Astrology** 10
  - **Pen from Den**
  - *Daniel Babu Paul*
- **Psychology** 11
  - താളംതെറ്റിയ കൗമാരം
  - *ജോർജ് ബഹനാൻ*
- **Ethics** 13
  - **Brothers & Killers**
  - *Rev. Dr. Valson Thampu*
- **Convention** 14
  - കൺവൻഷൻ പ്രസംഗങ്ങളുടെ....
- **Health** 17
  - ഹൃദ്രോഗം
  - *ഡോ. മെറീന രാജൻ ജോസഫ്*
- **Religion** 18
  - **The Trinity**
  - *Mathew Idicula, Chicago*
- **Ecology** 19
  - ഓസോൺ സംരക്ഷണത്തിന്......
  - *പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്*
- **News** 20


[redacted]

## EDITORIAL

# കൺവൻഷനുകൾ

കൺവൻഷനുകൾ വ്യക്തികളിലും സമൂഹത്തിലും എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന പഠനത്തിനു കാലികപ്രസക്തിയുണ്ട്. കഴിഞ്ഞ നാലു മാസത്തിനുള്ളിൽ ആയിരക്കണക്കിന് കൺവൻഷനുകൾ കേരളത്തിലുടനീളം നടന്നു. ലക്ഷക്കണക്കിനാളുകൾ പ്രസംഗങ്ങൾ കേൾക്കയും ചെയ്തു. പലപ്പോഴും പ്രസംഗകരുടെ കഴിവിനെ ജനങ്ങൾ വിലയിരുത്തുന്നതിലുപരി ഒന്നും സംഭവിക്കാറില്ല. വ്യക്തിമാനസാന്തരങ്ങൾ അനവധി ഉണ്ടാകുന്നുവെന്നവകാശപ്പെടാറുണ്ടെങ്കിലും അതിൻെറ ഗുണം സമൂഹത്തിൽ കാണാറില്ല.

കൺവൻഷനുകൾ എന്നാൽ ഇന്ന് കരിസ്മാറ്റിക് കൺവൻഷനുകൾ ആണ്. ആത്മസംഘർഷങ്ങളിൽ നിന്നു വിടുതൽ ലഭിക്കുവാൻ സഭാവ്യത്യാസമെന്യേ ലക്ഷക്കണക്കിനാളുകളാണ്, മെഗാ സന്നാഹങ്ങളോടെ നടത്തുന്ന കൺവൻഷനുകളിൽ സംബന്ധിക്കാൻ പാഞ്ഞെത്തുന്നത്. വ്യക്തികളെ ഉയർത്തിക്കാട്ടി നടത്തുന്ന സുവിശേഷയോഗങ്ങളിൽ കത്തോലിക്ക, ഓർത്തഡോക്സ് സഭകൾ ഒഴിച്ചുള്ള എപ്പിസ്കോപ്പൽ സഭകൾ വലിയ ദോഷം കാണുന്നില്ല. രോഗശാന്തിശുശ്രൂഷയുള്ള മെഗാ കൺവൻഷനുകൾ ആശീർവദിക്കുവാൻ ബിഷപ്പുമാരെ വിളിക്കുന്നുമുണ്ട്. പലപ്പോഴും സഭകൾ നടത്തുന്ന കൺവൻഷനുകൾ വെറും ചടങ്ങുകളായി അധഃപതിക്കുന്നതിനാലാണ് ഇത്തരം കൺവൻഷനുകൾ പൊടിപൊടിക്കുന്നത്.

കരിസ്മാറ്റിക് കൺവൻഷനുകളിൽ നിന്നു വ്യത്യസ്തമായ ശൈലി തുടരുന്ന മാരാമൺ കൺവൻഷൻ പോലെയുള്ള കൺവൻഷനുകളുമുണ്ട്. വേദപുസ്തകസത്യങ്ങളെ മനസ്സിലാക്കാനും പ്രായോഗികതലത്തിൽ കൊണ്ടുവരാനുമുള്ള ശ്രമമാണ് അതിൻെറ പിമ്പിലുള്ളത്. ഓരോ കൺവൻഷനും ഒരു ചിന്താവിഷയത്തെ ആസ്പദമാക്കി ക്രമീകരിച്ചാൽ കൂടുതൽ ഫലപ്രദമാകും. പ്രസംഗകരെ മുൻകൂട്ടി തീരുമാനിക്കുന്ന രീതി മാറ്റി, ചിന്താവിഷയം തീരുമാനിച്ചിട്ട് പ്രാപ്തരായ ആൾക്കാരെ പ്രസംഗകരായി വിളിക്കുന്നത് കൂടുതൽ ഫലപ്രദമല്ലേയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

സഭയുടെ കേന്ദ്രതലത്തിലും പ്രാദേശികതലത്തിലും ചിന്താവിഷയമടിസ്ഥാനമാക്കി കൺവൻഷൻ പ്രസംഗങ്ങൾ കേൾക്കുമ്പോൾ വിഷയം ജനങ്ങളിലേക്ക് ആഴ്ന്നിറങ്ങുവാൻ അതു സഹായിക്കും. ഇടവകസമ്മേളനങ്ങളിലും യുവജനസമ്മേളനങ്ങളിലും ചെറിയ കൂട്ടങ്ങളിലുമെല്ലാം വിഷയത്തിൻെറ വിവിധ വശങ്ങളായിരിക്കണം പഠിക്കേണ്ടത്. പ്രായോഗിക നിർദ്ദേശങ്ങൾ ജനങ്ങളുടെ ജീവിതത്തിലും തുടർന്ന് സാമൂഹ്യജീവിതത്തിലും മാറ്റങ്ങൾ വരുത്തുവാൻ സഹായിച്ചേക്കാം. നേതൃത്വം കൊടുക്കുന്ന ആളുകളുടെ ദർശനവും പിടിപ്പുമാണ് ഇത് പ്രയോഗത്തിൽ വരുത്തുവാൻ സഹായിക്കുന്നത്. കേവലം ചടങ്ങായിത്തീരാതെ, കൺവൻഷനുകൾ സഭയുടെ കൂട്ടായ ജീവിതത്തിൻെറ ശക്തികേന്ദ്രമായി മാറുവാൻ ഇടയാകണം.

*ചീഫ് എഡിറ്റർ*

---

A Christian is a person who belongs to a community, centred on Jesus in and through whom the love of God flows.

***-Bishop Bari Morgan, England***

ആഗോളവൽക്കരണത്തിന്റെ ഭാഗമായി കമ്പോളം ദേവാലയമായി മാറി. സത്യദൈവവും കമ്പോളദേവാലയത്തിലെ ദൈവവുമായുള്ള മത്സരം നടന്നുവരികയാണ്. ഇതിൽ ഏതുവേണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്കുണ്ട്. അതിന് സഭയുടെ നേതാക്കന്മാർ എന്തുപറയുന്നു വെന്ന് അന്വേഷിക്കേണ്ടതില്ല. ഇവിടെയാണ് ഗാന്ധിയൻ തത്വസംഹിതയുടെ പ്രസക്തി.



# വചനശുശ്രൂഷയെ സംബന്ധിച്ച ഉൾക്കാഴ്ചകൾ

റവ. ഡോ. വത്സൻ തമ്പു
വൈസ് പ്രിൻസിപ്പൽ, സെയ്ൻറ് സ്റ്റീഫൻസ് കോളജ്, ഡൽഹി

• *കൺവൻഷൻ പ്രസംഗങ്ങൾക്കായി ജനുവരി പകുതിയോടെ അച്ചൻ ഡൽഹി വിട്ടതാണെന്നു മനസ്സിലാക്കുന്നു. ഇതുവരെ എത്ര പ്രസംഗങ്ങൾ ചെയ്തു?*

അമ്പതോളം.

• *ഈ പ്രസംഗങ്ങളിൽ പുതിയ ദൂത് എന്തെങ്കിലും നൽകുവാൻ സാധിച്ചോ?*

വചനശുശ്രൂഷയെന്നത് വചനവും ജനങ്ങളുമായുള്ള ബന്ധമാണ്. ഒരു സ്ഥലത്തു ചെല്ലുമ്പോൾ അവിടത്തെ ജനങ്ങളുടെ ആവശ്യമനുസരിച്ചുള്ള ദൂതാണ് നൽകേണ്ടത്. തയാറാക്കിക്കൊണ്ടു വരുന്ന പ്രസംഗങ്ങൾ ചിലപ്പോൾ പ്രസക്തമല്ലാതെ വരും.

• *പ്രസംഗങ്ങളിലെ ശക്തീകരണം എന്തായിരുന്നു?*

വചനത്തിൻെറ വെളിച്ചത്തിൽ എപ്രകാരം പ്രസക്തമായ ജീവിതം നയിക്കുവാൻ സാധിക്കുമെന്നതിനാണ് പ്രധാന ശക്തീകരണം. ഇത് ഉപരിപ്ലവതയുടെ ഒരു യുഗമാണ്. ഉപരിപ്ലവതയിൽ നിന്ന് ആഴത്തിലേക്കുള്ള ഒരു സ്ഥലംമാറ്റം ആവശ്യമായിരിക്കുന്നു. രൂപാന്തരത്തെ ഞാനങ്ങനെയാണ് കാണുന്നത്.

• *ആഗോളവൽക്കരണം വരുത്തുന്ന ദൂഷ്യവശങ്ങൾക്കെതിരെ പ്രസംഗങ്ങളിൽ ഊന്നൽ കൊടുക്കാറുണ്ടോ?*

കൺവൻഷൻ പ്രസംഗങ്ങളിൽ ആഗോളവൽക്കരണത്തെക്കുറിച്ച് പ്രസംഗിക്കാറില്ല. ചില പ്രസംഗങ്ങളിൽ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്; ആത്മിയതയുടെ സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ചു പറയാറുമുണ്ട്.

• *ജീവൻ നിഷേധിക്കുന്ന ശക്തികൾക്കെതിരെ ശക്തമായ നിലപാടുകൾ അച്ചൻ എടുക്കുന്നില്ലെന്നു പറഞ്ഞാൽ ശരിയാണോ?*

ഇന്ന് ഞാൻ മാരാമൺ മണപ്പുറത്തു ചെയ്ത പ്രസംഗത്തിലെ ആദ്യഭാഗം ജനങ്ങൾക്ക് മനസ്സിലായില്ലെന്നാണ് എൻെറ അനുമാനം. കൺവൻഷൻ ശ്രോതാക്കൾ ഒരു പ്രത്യേക തരത്തിൽ ട്യൂൺ ചെയ്യപ്പെട്ടവരാണ്. മാത്രമല്ല, ദശകങ്ങളായി ഇത്തരത്തിൽ പാകപ്പെടുത്തിയിരിക്കയുമാണ്. ഒറ്റ രാത്രികൊണ്ടു അവരെ മാറ്റിയെടുക്കാമെന്നു ഞാൻ കരുതുന്നില്ല. പലയാളുകളുടെയും പ്രതീക്ഷ വ്യക്തിപരമായ രക്ഷയാണ്. എന്നാൽ, ഇതെന്താണെന്നു അവർക്കറിയില്ല. പ്രസംഗകൻ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തു നീങ്ങണമെന്ന് അവരാഗ്രഹിക്കുന്നു. പക്ഷേ, ജനങ്ങളെ പുതിയ ചക്രവാളത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുകയെന്നതാണ് പ്രസംഗകൻെറ ചുമതല. ഇതാണ് വചനശുശ്രൂഷയിലൂടെ ഉണ്ടാകേണ്ടത്. വചനം വെളിച്ചമാണെന്നു പറയുന്നത് ഇതുകൊണ്ടാണ്. ദൂരെ നില്ക്കുന്ന വചനം മനുഷ്യഹൃദയത്തിലേക്കു കടന്നുവരാൻ പാതയൊരുക്കുകയാണ് പ്രസംഗകൻെറ ദൗത്യം. വചനം ഉള്ളിൽ വരുമ്പോൾ തിന്മയ്ക്കെതിരെ നിലകൊള്ളുന്ന ശക്തിയായി ജനങ്ങൾ മാറും.

• *ആഗോളവൽക്കരണത്തിൻെറ ദൂഷ്യഫലങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കൺവൻഷൻ പ്രസംഗങ്ങളിൽ സാദ്ധ്യതയില്ലെന്നാണോ ഉദ്ദേശിക്കുന്നത്?*

വേദപുസ്തകത്തിൽ തന്നെ രണ്ടു വാക്കുകളുണ്ട് -പ്രസംഗവും പഠിപ്പിക്കലും. കൺവൻഷൻ പന്തലുകളിൽ നടക്കുന്നത് പ്രസംഗങ്ങളാണ്. അവിടെ ആഗോളവൽക്കരണത്തിനെതിരെ പ്രസംഗിക്കുന്നതിൽ പ്രസക്തിയില്ല. പക്ഷേ, സഭയുടെ ജീവിതത്തിൽ പഠിപ്പിക്കലിൻെറ ഒരു സംസ്കാരമുണ്ട്. ഇതിൽ ഇത്തരം പഠിപ്പിക്കലുകളാകാം. ഉണർവ് എന്ന വാക്കിനെ ജനങ്ങൾ കാണുന്നത് 'ഇളക്കം' എന്ന അർത്ഥത്തിലാണ്. വൈകാരികമായ ഒരു കോളിളിക്കം സൃഷ്ടിക്കുന്നത് ഒരു പ്രസംഗകൻെറ കഴിവായി ജനങ്ങൾ കാണുന്നു. വികാരങ്ങൾ മരിച്ചാൽ മനുഷ്യൻ പക്ഷവാതരോഗിയായിത്തീരുന്നു. വികാരങ്ങളും സത്യവും ശുശ്രൂഷാബോധവും തമ്മിലുള്ള ബന്ധം നഷ്ടപ്പെട്ടാൽ, വികാരം വെറും 'sentimentality' അല്ലെങ്കിൽ 'cheap tickling' ആയി മാറും. പ്രസംഗം ഇന്നു വെറും വിനോദപരിപാടിയായിത്തീർന്നിരിക്കയാണ്. മൂന്നു തരത്തിലുള്ള പ്രസംഗങ്ങളുണ്ട്. (1) aesthetic preaching. കേൾവിക്കാർക്ക് രസം പകരുന്ന, സൗന്ദര്യബോധത്തോ

ടുകൂടിയ പ്രസംഗം. (2) ethical preaching. മൂല്യബോധം ഉളവാക്കുന്ന പ്രസംഗം. (3) spiritual preaching. ജനങ്ങളിൽ രൂപാന്തരം വരുത്തുവാനുദ്ദേശിച്ചുള്ള പ്രസംഗം. കൺവൻഷൻ പ്രസംഗങ്ങൾ മൂന്നാമത്തെ വിഭാഗത്തിൽ പെടുന്നവയാണ്.

- *'ആത്മീയ പ്രസംഗം' എന്ന് സാധാരണ പറയുന്നത് സാമൂഹ്യപ്രതിബദ്ധതയില്ലാത്ത പ്രസംഗങ്ങളെയാണ്.*


ആത്മീയത എന്നുപറഞ്ഞാൽ ഒരു സന്തുലതയാണ്. There is an equilibrium between my spiritual well-being and the overall well - being of the society. വ്യക്തികൾക്കും സമൂഹത്തിനും എങ്ങനെ രൂപാന്തരം വരുത്താമെന്നത് എല്ലാവരുടേയും പ്രശ്നമാണ്. മാറ്റങ്ങൾ കൊണ്ടുവരാൻ രണ്ടു തരം തന്ത്രങ്ങളുണ്ട്. (1) Secular strategy. ആളുകളെ ദൂരെ നിന്നു ഹേമിക്കുക. കൈയൂക്കുകൊണ്ട് കാര്യങ്ങൾ സാധിക്കുക. ഇതിൽ വ്യക്തികളുടെ രൂപാന്തരത്തിനു പ്രസക്തിയില്ല. (2) Spiritual strategy - ഇതിൽ ആരംഭം വ്യക്തികളാണ്. മാനസാന്തരപ്പെട്ട ഒരു വ്യക്തിക്കു മാത്രമേ സാമൂഹ്യപ്രതിബദ്ധതയുള്ള ക്രിസ്ത്യാനിയായിരിക്കുവാൻ കഴിയൂ. എനിക്ക് ക്രിസ്തുവുമായി ബന്ധമുണ്ടെങ്കിൽ ദൈവത്തോടും അയൽക്കാരനോടും സമൂഹത്തോടും നല്ല ബന്ധമുണ്ടായിരിക്കും.

- *കൺവൻഷൻ പ്രസംഗങ്ങളിൽ സാധാരണ നടന്നുവരുന്നത് 'അങ്ങേലോകത്തെക്കുറിച്ചുള്ള വർണ്ണനകളാണ്'.*

ഇത് ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. ഇന്ന് ആളുകൾക്കു വേണ്ടത് ഈ ലോകത്തിൽ എങ്ങനെ കൂടുതൽ സന്തോഷവും സുഖവും ആനുകൂല്യങ്ങളും നേടിയെടുക്കാമെന്നാണ്. അതിനു സഹായകമായ കൺവൻഷൻ പ്രസംഗകരെ തേടിയുള്ള പോക്കാണ്.

**1984 മുതൽ ടെലിവിഷൻ ഇല്ലാതെ ജീവിക്കുന്ന ഒരു വ്യക്തിയാണു ഞാൻ. *എനിക്കെന്തെങ്കിലും വളർച്ച ഉണ്ടായെങ്കിൽ അത് ടെലിവിഷൻ ഇല്ലാത്തതുകൊണ്ടു മാത്രമാണ്. ദൃശ്യമാദ്ധ്യമങ്ങളിലൂടെ ലഭിക്കുന്നത് passivating experience ആണ്. ഒന്നും ചെയ്യുവാനുള്ള ആവേശം കിട്ടുന്നില്ല.***





*കൺവൻഷൻ പ്രസംഗങ്ങളിൽ ഒരു പുതിയ വ്യാഖ്യാനശൈലി അവതരിപ്പിക്കുക വഴി ശ്രദ്ധേയനായിക്കഴിഞ്ഞ റവ. ഡോ. വത്സൻ തമ്പു മാരാമൺ കൺവൻഷന്റെ സമാപനദിവസമായ ഫെബ്രു. 24 ന് ന്യൂവിഷനുവേണ്ടി പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്, റവ. വൈ. ടി. വിനയരാജ് എന്നിവർക്കു നൽകിയ പ്രത്യേക അഭിമുഖം*

- *അച്ചന്റെ പ്രസംഗങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ ലഭിച്ചുവെന്ന് പറഞ്ഞല്ലോ. ഏതു തരത്തിലുള്ള വിലയിരുത്തലുകളാണു ലഭിച്ചത്?*

ഞാൻ പറയുന്ന ആശയങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമാണ്; അവ ആഴമുള്ളവയാണ്; നാലു പ്രസംഗങ്ങളിൽ പറയേണ്ട കാര്യങ്ങൾ ഒറ്റ പ്രസംഗത്തിൽ നിർവഹിക്കുന്നു.

- *ഇതിനെ തരണം ചെയ്യാൻ ശ്രമിക്കാറുണ്ടോ?*

കാര്യമായി യാതൊന്നും ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. ഞാനെഴുന്നേറ്റു നില്ക്കുമ്പോൾ, ഏതോ ശക്തിഎന്നെ എടുത്തുപയോഗിക്കയാണ്. ഞാനെന്റെ കഴിവുകൊണ്ടു പ്രസംഗിക്കുന്ന വ്യക്തിയല്ല. അപ്പോൾ ഇതുവരെ കാണാത്തതായ പുതിയ കാര്യങ്ങൾ കാണുകയാണ്.

- *യാതൊരു തിയോളജിക്കൽ ക്വാളിഫിക്കേഷനുമില്ലാത്ത അച്ചനെങ്ങനെയാ വേദവ്യാഖ്യാനം നടത്തുക.*

എനിക്ക് ഒരു ക്വാളിഫിക്കേഷനുമില്ല.

- *സെമിനാരിയിൽ പഠിക്കാത്ത അച്ചനെങ്ങനെയാണ് പുതിയ വ്യാഖ്യാനങ്ങൾ കൊടുക്കുന്നത്?*

സെമിനാരിയിൽ പഠിക്കാത്തതുകൊണ്ടു തന്നെ.

- *അതിനുള്ള പ്രചോദനം എങ്ങനെയാണ് ലഭിക്കുന്നതെന്നു വിശദീകരിക്കാമോ?*

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ അമ്മ എനിക്ക് ഒരു ഇംഗ്ലീഷ് വേദപുസ്തകം സമ്മാനമായി തന്നു. വായിച്ചാൽ മനസ്സിലാകാത്തതിനാൽ ഞാൻ കാണാതെ പഠിക്കുവാനാരംഭിച്ചു. കാണാതെ പഠനത്തിലൂടെ ഇംഗ്ലീഷ്ഭാഷയോടു താല്പര്യമുണ്ടായി. ഇംഗ്ലീഷ് അദ്ധ്യാപകനാകുവാൻ അതിടയാക്കി. വേദപുസ്തകം വായിച്ചു കിട്ടുന്ന കാര്യങ്ങൾ ഞാൻ ഡയറിക്കുറിപ്പായി സൂക്ഷിക്കുമായിരുന്നു. ഞാൻ ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു. നമ്മളറിയാത്ത ഈ ലോകത്തിനപ്പുറത്ത് ഏതോ മറഞ്ഞിരുപ്പുണ്ടെന്ന ബോധ്യം എന്റെ ഏകാന്തചിന്തയിൽ കടന്നുവരുമായിരുന്നു. അതൊരാത്മികതയായി അനുഭവപ്പെടുവാൻ തുടങ്ങി. ഡൽഹി സെയ്ന്റ് സ്റ്റീഫൻസ് കോളജിലെ ചാപ്പലിൽ ക്രമമായി പോകുവാനാരംഭിച്ചു. പിന്നീടു കോളജ് ചാപ്ലേനായി. Theology must be a bridge between the Word and the World.

- *ഒരു കൈയിൽ വേദപുസ്തകവും മറ്റേ കൈയിൽ പത്രവും വച്ചുകൊണ്ട് വായിക്കണമെന്നു ഒരു ദൈവശാസ്ത്രജ്ഞൻ പറഞ്ഞതോർക്കുന്നു.*

ഞാനങ്ങനെ പറയാറില്ല. അങ്ങനെ ചെയ്താൽ രണ്ടും വായിക്കുകയില്ല. വേദപുസ്തകം മനസ്സിൽ വച്ചുകൊണ്ട് പത്രവും, പത്രത്തിലെ സംഭവങ്ങൾ മനസ്സിൽ വച്ചുകൊണ്ട് വേദപുസ്തകവും വായിക്കണം.

- *മുൻ വർഷത്തെ മാരാമൺ കൺവൻ*

***ഷനിൽ നിന്ന് വ്യത്യസ്തമായി ഈ പ്രാവശ്യം എന്തെങ്കിലും കാണുന്നുണ്ടോ?***

25% ആളുകൾ കൂടുതലായി പങ്കെടുത്തുവെന്നു തോന്നുന്നു.

- ***കൺവൻഷനുകൾ ഒരു ചടങ്ങായി തോന്നുന്നില്ലേ?***

ജീവിതം തന്നെ ഒരു ചടങ്ങല്ലേ? ചടങ്ങിനെ നാം എങ്ങനെ കാണുന്നുവെന്നതിനെയാശ്രയിച്ചിരിക്കും. ആഹാരം കഴിക്കുന്നതും രാവിലെ എഴുന്നേൽക്കുന്നതുമെല്ലാം ഒരു ചടങ്ങാണ്. എനിക്കു വേദിയൊരുക്കിയവരുടെ പ്രതീക്ഷയെന്താണെന്നു ഞാൻ അറിയണമെന്നില്ല. ചടങ്ങുകൾക്ക് അർത്ഥവും ആഴവും ഒരുക്കുകയാണു വേണ്ടത്. ചടങ്ങുകളെ ചലനാത്മകമാക്കണം. അതാണ് ശുശ്രൂഷകന്റെ ജോലി.

- ***കേരളത്തിലെ സഭകൾ ആഗോളവൽക്കരണത്തിന്റെ വിപത്തുകൾക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കുന്നില്ലെന്ന് അഭിപ്രായമുണ്ടല്ലോ?***

യേശു യെരുശലേം ദേവാലയം ശുദ്ധീകരിച്ച സംഭവമാണ് എന്റെ ഓർമയിൽ വരുന്നത്. ദേവാലയത്തിനുപുറത്ത് എന്തു നടന്നാലും സാരമില്ല. അതിവിശുദ്ധസ്ഥലം ഭംഗിയായി സൂക്ഷിക്കണം. മാത്രവുമല്ല, വിശുദ്ധിയില്ലാത്ത ജാതിയരെ ദേവാലയത്തിൽ പ്രവേശിപ്പിക്കുന്നത് ദേവാലയത്തിനപ്പുറത്തുള്ള വിശുദ്ധിഹീനത ദേവാലയത്തിലേക്ക് കടത്തുന്നു. ദേവാലയം ശുദ്ധീകരിക്കണമെങ്കിൽ സമൂഹവും ശുദ്ധീകരിക്കപ്പെടണം. എന്റെ ആലയം സകല ജാതികളുടെയും പ്രാർത്ഥനാലയമാകണം. പക്ഷേ, ദേവാലയത്തെ കമ്പോളമാക്കി മാറ്റി. ആഗോളവൽക്കരണത്തിന്റെ ഭാഗമായി കമ്പോളം ദേവാലയമായി മാറി. ഇവിടെ ഒരു ദൈവമിരിപ്പുണ്ട്. സത്യദൈവവും കമ്പോള ദേവാലയത്തിലെ ദൈവവുമായുള്ള മത്സരം നടന്നുവരികയാണ്. ഇതിൽ ഏതു വേണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്കുണ്ട്. അതിന് സഭയുടെ നേതാക്കന്മാർ എന്തു പറയുന്നുവെന്ന് അന്വേഷിക്കേണ്ടതില്ല. ഇവിടെയാണ് ഗാന്ധിയൻ തത്വസംഹിതയുടെ പ്രസക്തി. ജീവിതശൈലിയിൽ മാറ്റം വരുത്താതെ ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടം ശക്തമാക്കാനാവില്ല. ബഹുരാഷ്ട്ര കമ്പനികൾ പുറത്തിറക്കുന്ന ഉല്പന്നങ്ങൾ വേണ്ടായെന്നു വയ്ക്കണം. അത്തരത്തിലുള്ള സാധനങ്ങൾ വേണ്ടായെന്നു തീരുമാനിക്കുക. 1984 മുതൽ ടെലിവിഷൻ ഇല്ലാതെ ജീവിക്കുന്ന ഒരു വ്യക്തിയാണു ഞാൻ.

- ***ടെലിവിഷൻ വേണ്ടെന്നു വയ്ക്കുവാനുള്ള കാരണം?***

എനിക്കെന്തെങ്കിലും വളർച്ച ഉണ്ടായെങ്കിൽ അത് ടെലിവിഷൻ ഇല്ലാത്തതുകൊണ്ടു മാത്രമാണ്. ടെലിവിഷൻ കാണുന്നതു കൊണ്ടു നമ്മുടെ വ്യക്തിത്വത്തിനു മാറ്റം വരും. രണ്ടു തരത്തിലുള്ള അനുഭവങ്ങളുണ്ട്- passivating experience and activating experience. ദൃശ്യമാധ്യമങ്ങളിലൂടെ ലഭിക്കുന്നത് passivating experience ആണ്. ഒന്നും ചെയ്യുവാനുള്ള ആവേശം കിട്ടുന്നില്ല. Intellectually you become a vegetable. എന്നാൽ, വായന ഒരു activating experience ആണ്. ഉൾക്കാഴ്ചകൾ ലഭിക്കുവാൻ, ആവേശം പകരുവാൻ വായന സഹായിക്കും.

- ***ആഗോളവൽക്കരണത്തോടെങ്ങനെയാണ് പ്രതികരിക്കുന്നത്.***

ഇത് കോളനീകരണത്തിന്റെ ഒരു പുതിയ സ്വഭാവമാണ്. നമ്മെ അടിമത്വത്തിലേക്ക് നയിക്കുന്നതാണിത്. പശ്ചാത്യ ഭൗതികത്വത്തിന്റെ അടിമകളാക്കുവാനേ ഇത് ഉപകരിക്കൂ. ഭാരതത്തിലെ ബുദ്ധിജീവികൾ ആഗോളവൽക്കരണത്തിൻെറ ഗുണങ്ങളെ വാഴ്ത്തി അതിന്റെ പുറകെ നടക്കുകയാണ്. കോൺഗ്രസ് ആരംഭിച്ച ആഗോളവൽക്കരണ നടപടികൾ ബി. ജെ. പി. ഇപ്പോൾ വ്യാപകമാക്കിയിരിക്കുകയാണ്. ഇത് ചൂഷണത്തിന്റെ പുതിയ മുഖമാണെന്നു തിരിച്ചറിഞ്ഞ് ഗാന്ധിയൻ ജീവിതശൈലി കൊണ്ട് ചെറുത്തുനിൽക്കുകയാണ് കാലത്തിന്റെയാവശ്യം.

- ***അവസാനമായി ഒരു ചോദ്യം. ആർ. എസ്. എസ്-ക്രിസ്ത്യൻ സംവാദത്തെക്കുറിച്ച് ന്യൂ വിഷനിൽ എഴുതിയിരുന്നല്ലോ. അതേക്കുറിച്ചു കൂടുതലായി എന്തെങ്കിലും?***

മുമ്പു പറഞ്ഞ മൂന്നു കാര്യങ്ങൾ ഒരിക്കൽ കൂടി പറയട്ടെ:- ആരുമായും ചർച്ച ചെയ്യുവാൻ ക്രൈസ്തവസഭകൾ തയാറാകണം. - ആർ.എസ്.എസ്. ഹൈന്ദവസമൂഹത്തിന്റെ പ്രതിനിധികളാണെന്ന് കരുതുന്നില്ല.- ഏതു സംവാദവും തുറന്ന വേദിയിലേ നടക്കാവൂ. അല്ലാത്തവ ഗൂഢാലോചനയാണെന്നു പറയുവാൻ ഞാൻ മടിക്കില്ല. ●

# ഭാരതീയ സംസ്കാരികത ഉൾക്കൊണ്ടുകൊണ്ട് സുവിശേഷവേല പ്രസക്തമാക്കൂ

ഭാരതീയ സാംസ്കാരിക പൈതൃകം ഉൾക്കൊണ്ടുകൊണ്ടുള്ള സുവിശേഷപ്രവർത്തനങ്ങളേ വേരോടുകയുള്ളുവെന്നു സി.എസ്.ഐ. മദ്ധ്യകേരളമഹായിടവക ബിഷപ്പ് തോമസ് സാമുവൽ. മാർത്തോമാ സന്നദ്ധസുവിശേഷസംഘത്തിൻെറ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ഏബ്രഹാം മാർത്തോമാ സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ ദൗത്യത്തിൻെറ സാമൂഹ്യമാനം കുറഞ്ഞുവരികയാണ്. ക്രൈസ്തവ സുവിശേഷപ്രവർത്തനങ്ങൾ ഒരു മതേതര കാഴ്ചപ്പാടോടെ ചെയ്തില്ലെങ്കിൽ മതാധിഷ്ഠിത ആത്മീയത അടിച്ചേല്പിക്കുന്നതിനു തുല്യമാകുമെന്ന് ബിഷപ്പ് ഓർമിപ്പിച്ചു. ദൈവവിളി ലഭിച്ചുവെന്നവകാശപ്പെടുന്നവർ എല്ലാവരേയും ഒരുപോലെ സ്നേഹിക്കണം. സ്നേഹത്തിൽ വിഭാഗീയത കടന്നുകൂടാതെ, ആർഷഭാരതമുനിമാരെപ്പോലെ സത്യത്തിനു വേണ്ടിയുള്ള ഒരന്വേഷണം ആവശ്യമായിരിക്കയാണ്. ഈയൊരു വിളിയിൽ, സ്ഥാപിത താല്പര്യങ്ങൾക്കെതിരെ നിലകൊള്ളുവാനും കഷ്ടതയനുഭവിക്കുവാനുമുള്ള ക്ഷണം അടങ്ങിയിട്ടുണ്ട്. ദൈവം നോക്കുന്നത് വലിയ കാര്യങ്ങളല്ല, ചെറിയ കാര്യങ്ങൾ എങ്ങനെ ചെയ്തു എന്നതാണ്. സുവിശേഷപ്രവർത്തനങ്ങളിൽ ഗൗരവമായ ഒരു വ്യതിചലനം ആവശ്യമായിരിക്കയാണ്. ഒന്നാമതായി, വ്യക്തികളെ സ്നാനപ്പെടുത്തി സഭയോടു ചേർക്കുകയെന്നത് മതബഹുലസമൂഹത്തിൽ എത്രമാത്രം പ്രായോഗികമാണെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവൻ/അക്രൈസ്തവൻ എന്ന കാഴ്ചപ്പാടു മാറ്റി, വ്യക്തി / വ്യക്തിത്വം നിഷേധിക്കപ്പെട്ട വ്യക്തി എന്ന നിലയിൽ മനുഷ്യരെ കാണണം. *മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന സാഹചര്യങ്ങളിൽ നിന്നുള്ള വിടുതലിനായിരിക്കണം സുവിശേഷകൻ ശ്രമിക്കേണ്ടത്.* രണ്ടാമത്, സാംസ്കാരിക പശ്ചാത്തലം ഉൾക്കൊള്ളാതെ നടത്തുന്ന സുവിശേഷപ്രവർത്തനങ്ങൾ ഇനിയും വേരോടുകയില്ല. മൂന്നാമതായി, അക്രമവാസന വളർന്നുവരുന്ന ഒരു സമൂഹത്തിൽ ഒരു സൗഖ്യദായകസമൂഹത്തിനു വേണ്ടി നിലകൊള്ളുവാൻ സുവിശേഷകനു സാധിക്കണം.



# "ALL FOR THY LOVE"

*Manoharpur is a small tribal village in Orissa where the Australian missonary, Graham Stuart Staines, was burnt alive with his teenaged sons, Philip and Timothy, on the night of 22nd January 1999. In Baripada, about 200 Km.away from Manoharpur, where Graham Staines spent over 34 years serving leprosy patients, his wife Gladys and daughter Esther are trying to reconstruct their lives. Ms. Gladys Staines is tall, simple and soft-spoken. Clad in sari and blouse, Gladys appears outwardly cheerful. She is hesitant to meet media persons and she deliberately avoids controversial questions. It was after much persuasion that she agreed to be interviewed, during her visit to Melukavu recently. In an exclusive interview for NEW VISION, Gladys answers some of the questions put forward by our official representative Mr. George Jacob, Lecturer in Chemistry, Henry Baker College, Melukavu.*

▪ ***Will you please tell about your family?***

Graham was born in Australia on 18 Jan. 1941. His attachment with Mayurbhanj began in 1965 through his pen friend, Shantanu Satpathy, a resident of Baripada. He visited India for the first time in 1965. At the age of fifteen, while in Australia, he saw the photograph of a Mayurbhanj boy of approximately his age with severe leprosy. This motivated Graham to come to India and work for leprosy patients. I met him in 1981, while I was visiting India. I was impressed by his love for the people with whom he associated, as well as leprosy patients. We got married in 1983.

"It wasn't something I had thought about. But when I heard about the death of my husband and two sons, I told my daughter: We'll forgive those who killed them, won't we?"

And she said:

"Yes Mummy, we will".

▪ ***What about the origin of Mayurbhanj Leprosy Home?***

The Evangelical Missionary Society in Mayurbhanj was started in 1895 by Miss. Kate Allenby. Within a year, the local Maharaja opened a beggars' home and handed it over to the missionary. This was the beginning of the Leprosy Home. The Home was affiliated to the Leprosy Mission and was shifted to the present location, in 1907. Graham Staines took over the running of the Mission at Baripada only in 1983. Since 1982, the Mayurbhanj Leprosy Home is a society registered under the Societies' Registration Act.

▪ ***What is the present status of the Leprosy Home?***

Now we have the capacity to house about 100 patients. Normally we do have 70-80 people admitted and 50-60 out patients. At present there is a part-time doctor and two trained paramedical workers. Multi drug therapy is given to all the patients, and ulcer treatment and rehabilitation are undertaken. The is a small laboratory where skin smears and blood tests are done.

▪ ***Can you elaborate on the rehabilitation part of the work you are undertaking?***

There is a shoe department run by an ex-patient, a trained shoe maker, where all the micro-cellular rubber shoes needed for the patients are made. In the rehabilitation centre, patients use sobai grass to make mats and baskets. They also undertake weaving of Sarees, Lungis, and other items needed in the Home. Patients run the farm which has milking cows, goats, sheep, ducks,

*(Contd..... Page 8)*



## കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള
# പാർശ്വചിന്തകൾ

ഡോ. സി. ജെ. റോയ്

### *കൺവൻഷനുകൾ നമുക്കു നൽകുന്നത്*

എങ്ങും കൺവൻഷനുകൾ! ഏറെക്കുറെ എല്ലാ സഭാവിഭാഗങ്ങളുടെയും ആഭിമുഖ്യത്തിൽ എല്ലാ വർഷവും അവയുണ്ട്. പ്രശസ്തരായ പ്രഭാഷകരുടെ പ്രഗത്ഭമായ വചനഘോഷണങ്ങൾ എത്രയോ കാലമായി നാം കേൾക്കുന്നു. ഇത്തരം കൺവൻഷനുകൾ ഇനിയും നമുക്ക് ആവശ്യമോ?

ദൈവശാസ്ത്രം ഉൾപ്പെടെയുള്ള വിവിധ വിജ്ഞാനശാഖകളിൽ നിപുണനായ ഡോ. ബാബു പോളിന്റേതാണ് ചോദ്യം (ന്യൂവിഷൻ മാർച്ച് ലക്കം). കൺവൻഷനുകൾ ഒരുതരം അനുഷ്ഠാനമായി മാറിക്കൊണ്ടിരിക്കുകയല്ലേ എന്ന സംശയമാണ് ചോദ്യത്തിനു പ്രേരണ. പതിവായി പള്ളികളിലെ ആരാധനകളിൽ സംബന്ധിക്കുക സാധ്യമല്ലാത്തവിധം തിരക്കുള്ളവരും നമ്മുടേതിൽ നിന്നു വ്യത്യസ്തമായ സാംസ്കാരിക സാഹചര്യങ്ങളിലകപ്പെട്ടിരിക്കുന്നവരുമായ അമേരിക്കയിലും മറ്റുമുള്ള നമ്മുടെ ആളുകൾക്ക് ഇത്തരം കൺവൻഷനുകൾ ആവശ്യമാകാം. ഇവിടെ അതല്ല സ്ഥിതി. വിദ്യാസമ്പന്നരായ പട്ടക്കാരും, ആഴ്ചതോറും പള്ളിപ്രസംഗങ്ങളും, കാര്യക്ഷമമായ സണ്ടേസ്കൂൾ സമ്പ്രദായവും യുവജന-സ്ത്രീസമാജങ്ങളും ഇവിടെ സുലഭമാണ്. കൺവൻഷനുകൾക്കു വേണ്ടതിൽ കുറഞ്ഞ അദ്ധ്വാനത്തിലും ചുരുങ്ങിയ പണച്ചെലവിലും പള്ളികൾക്കു ഒറ്റയ്ക്കോ കൂട്ടുചേർന്നോ നടത്താവുന്ന പ്രാർത്ഥനാസംഗമങ്ങൾക്കു സാധിക്കാവുന്നതേയുള്ള കൺവൻഷനുകളുടെ ലക്ഷ്യങ്ങളെന്നു അദ്ദേഹം കരുതുന്നു. അമേരിക്കയിൽ നിന്നുള്ള പ്രഭാഷകരുടെ കാര്യത്തിലും ബാബു പോളിന് അഭിപ്രായവ്യത്യാസമുണ്ട്. കാശൊഴികെയുള്ള കാര്യങ്ങളിൽ അവരിൽ നിന്നു കിട്ടുന്നതിലധികം അവർക്കു നൽകാൻ കഴിവുള്ള വരാണു നാം.

കൺവൻഷൻസംബന്ധമായ മേൽപ്പറഞ്ഞ സമീപനത്തിന് ഒരു മറുവശമുണ്ട്. പാരമ്പര്യവഴിക്കാണല്ലോ നമ്മിലധികംപേരും ക്രിസ്ത്യാനികളായത്. സണ്ടേസ്കൂളിൽ നിന്നും മറ്റുമായി നമുക്കു കിട്ടിയിട്ടുള്ളതു ചില ബാലപാഠങ്ങൾ മാത്രമാണ്. ക്രിസ്തുവിനെയോ ക്രിസ്ത്യാനികൾ കൈക്കൊള്ളേണ്ട ജീവിതശൈലിയെയോ വേണ്ടത്ര മനസ്സിലാക്കിയിട്ടുള്ളവർ വിരളമാണ്. സ്വാർത്ഥപരമായ ഭൗതികതാല്പര്യങ്ങളിലും ദുഷ്ടതകളിലും നാം മുഴുകുന്നതിനു മുഖ്യ കാരണവും അതാണ്. ആവർത്തിച്ചുള്ള വചനഘോഷണങ്ങളിലൂടെ ഈ പരിമിതി ആവുന്നത്ര നികത്തി ക്രിസ്തുവിന്റെ അനുയായികളെന്ന പദവിക്കു നമ്മെ അർഹരാക്കുകയാണ് കൺവെൻഷനുകൾ ചെയ്യുന്നത്. ഈ ലക്ഷ്യത്തിനിണങ്ങുന്ന തരത്തിൽ ദൈവവചനം ഉൾക്കൊണ്ട് പുതിയ മനുഷ്യരായി മാറുന്നതിനാണ് എല്ലാവരും കൺവൻഷനുകളിൽ എത്തുന്നതെന്നു കരുതിക്കൂടാ. ഒരു അനുഷ്ഠാനമെന്ന മട്ടിലും, സാമൂഹ്യബന്ധങ്ങളുടെ ഭാഗമായും, കൗതുകംകൊണ്ടു മാത്രവും കൺവൻഷനുകളിൽ സംബന്ധിക്കുന്നവരുണ്ട്. അറി ഞ്ഞോ അറിയാതെയോ അസ്വസ്ഥമായ നമ്മുടെ മനസ്സിന്റെ ഇരുൾ പടർപ്പുകളിലേക്കു സമാധാനത്തിന്റെ ചില കണികകളും വെളിച്ചത്തിന്റെ തിരികളും കൺവൻഷനുകൾ വീഴ്ത്തുന്നു. അല്പായുസ്സുകളാകാം അവ. ജീവിതത്തെ ആകെ മാറ്റിമറിക്കുന്ന ശക്തിസ്രോതസുകളുമാകാം. ഒടുവിൽപ്പറഞ്ഞ തരത്തിലൊരു രൂപാന്തരത്തിനു കൺവൻഷനുകൾ അവസരം നൽകുന്നുവെങ്കിൽ നാം എന്തിന് അതിന് തടസ്സമാകണം? അമേരിക്കക്കാരെ പ്രഭാഷകരിൽ ഉൾപ്പെടുത്തണം? ആരുപറയുന്നു എന്നതല്ല, എന്തു പറയുന്നു എന്നതാണ് ഏറെപ്രധാനം.

### *മാമോദീസ വിവാദം*

മാമോദീസ അഥവ ജ്ഞാനസ്നാനം വീണ്ടും വിവാദവിഷയമായിരിക്കുന്നു. ശിശുസ്നാനമോ വിശ്വാസസ്നാനമോ സ്വീകാര്യമെന്നതിനെച്ചൊല്ലിയാണ് വിവാദം. മരുപ്പച്ച (ഫെബ്രു.9)യിൽ കാണുന്ന ഒരു പ്രസ്താവം ശ്രദ്ധിക്കുക. "ഈ അടുത്ത കാലത്തു ഇറങ്ങിയ കത്തോലിക്കാ പത്രമാസികകളിലെല്ലാം വിശ്വാസസ്നാനത്തെയും പെന്തക്കോസ്തരെയും വിമർശിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശിശുസ്നാനത്തെ സാധൂകരിക്കുന്ന ഒരൊറ്റ വാക്യംപോലും വിശുദ്ധബൈബിളിൽ കാണാത്തതിനാൽ ഇവർ ഉന്നയിക്കുന്ന കാര്യങ്ങളെല്ലാം തട്ടാമുട്ടികളാണ്." വിശ്വാസസ്നാനം സ്വീകരിച്ച ഏതാനുംപേരെ കത്തോലിക്കാസഭയിൽ നിന്നു മുടക്കിയതിന്റെ പശ്ചാത്തലത്തിലാണ് ഈ പ്രസ്താവം. കത്തോലിക്കാസഭ കല്പിച്ച മുടക്കും മരുപ്പച്ചയുടെ എതിർപ്പും അവയുടെ വിശ്വാസപ്രതിബദ്ധതയുടെ ഭാഗമാണ്. അസുഖകരമായ സംഘർഷങ്ങൾക്ക് അതു ഇടയാക്കുകയില്ലെന്ന് ആശിക്കുക. ചരിത്രപരമായി യോഹന്നാൻ സ്നാപകൻ യേശുവിനു നൽകിയ സ്നാനത്തിന്റെ തുടർച്ചയായ ഒരു വിശിഷ്ടാചാരമാണ് മാമോദീസ. രക്ഷയ്ക്കുള്ള ഉപാധിയായ ആത്മശുദ്ധീകരണത്തിലാണ് അതിന്റെ ഊന്നൽ. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന ത്രിത്വത്തിന്റെ നാമത്തിൽ അതു നൽകപ്പെടുന്നു. പരിശുദ്ധാത്മാവിലൂടെയുള്ള ഒരു പുതുജീവിതം അതിലൂടെ സാധിക്കുന്നുവെന്നാണു സങ്കല്പം. "വിശ്വസിക്കുകയും സ്നാമേൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും" (മർക്കോസ് 16:16). ബൈബിൾ വാക്യത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസം നേടിയവർക്കേ സ്നാനം നൽകാവൂ എന്ന ഒരു വാദഗതിയുണ്ട്. പക്ഷേ, വിശ്വാസത്തേക്കാൾ പരിശുദ്ധാത്മാവിനാണു വി. പൗലോസ് പ്രാധാന്യം നൽകുന്നത്. "യേശുവിനെ കർത്താവെന്നു പറയാൻ പരിശുദ്ധാത്മാവിനേ കഴിയൂ" എന്നു പറയുന്നു, പൗലോസ്. (1 കോരി. 12:3). ശിശുസ്നാനത്തെപ്പറ്റി ബൈബിൾ എടുത്തു പറയുന്നില്ലെങ്കിലും ശ്രദ്ധേയമായ ഒന്നുണ്ട്: ആദിമക്രിസ്ത്യാനികൾ കുടുംബമായാണു സ്നാനമേറ്റിരുന്നത്. കുടുംബത്തിൽ ശിശുക്കളും ഉൾപ്പെടും. ദൈവരാജ്യത്തിന് അവകാശികളായി യേശു കണ്ടതു ശിശുക്കളെയാണ്. ശിശുസ്നാനം നിഷേധിക്കുകയെന്നാൽ ദൈവരാജ്യത്തിലേക്കുള്ള ശിശുക്കളുടെ പ്രവേശം നിഷേധിക്കുകയാണല്ലോ.

## അകമേ ഒന്നുമില്ല

ഇത് ആഫ്രിക്കയിലെ ഒരു മിഷനറിയുടെ കഥ. സുവിശേഷപ്രവർത്തനങ്ങൾക്കു ശേഷം തളർന്ന് അവശനായ മിഷനറി എന്തെങ്കിലും ഭക്ഷിക്കുവാനായി തിരക്കി നടന്നു. അവശനായി നടക്കുമ്പോൾ ഒരു കെട്ടിടത്തിനു മുകളിൽ ഒരു ബോർഡ് തൂക്കിയിട്ടിരിക്കുന്നതു കണ്ടു. 'ഇവിടെ ചൂടുപാൽ വിൽക്കപ്പെടും" എന്നാണ് അതിലെഴുതിയിരുന്നത്. മിഷനറി കെട്ടിടത്തിനുള്ളിൽ പ്രവേശിച്ച് ഉടമസ്ഥനോടു പറഞ്ഞു: രണ്ടു ഗ്ലാസ്സ് ചൂടുപാൽ തരിക. ഉടമസ്ഥൻ ചോദിച്ചു: 'ആരു പറഞ്ഞു, ഇവിടെ ചൂടുപാൽ ലഭിക്കുമെന്ന്?". "നിങ്ങളുടെ കെട്ടിടത്തിനു മുകളിൽ തൂങ്ങുന്ന ആ ബോർഡ് കണ്ടില്ലേ?". 'അയ്യോ, ഞാനൊരു പെയിൻററാണ്. ടൗണിലെ ബേക്കറിയ്ക്കു വേണ്ടി എഴുതിയ ബോർഡ് ഉണങ്ങുവാനായി തൂക്കിയിട്ടതാണ്. ഇവിടെ പാലില്ല". യേശുവിന്റെ സാക്ഷികളെന്നഭിമാനിക്കുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പുറമെയുള്ള ലേബലുകൾ മാത്രമേയുള്ളു, പലപ്പോഴും. അകമെ ഒന്നുമില്ലാത്തയവസ്ഥ. അതു കർത്താവിനു സ്വീകാര്യമല്ല. മറ്റുള്ളവർക്കു വേണ്ടി നിലകൊള്ളുവാൻ സാധിച്ചില്ലെങ്കിൽ അത് സ്വീകാര്യമായ ഒരു സമീപനമായിരിക്കയില്ല.

*(ബിഷപ്പ് തോമസ് സാമുവൽ ചെയ്ത എബ്രഹാം മാർത്തോമാ പ്രഭാഷണത്തിൽ നിന്ന്)*

**Bishop Jacob was a man of prayer, deep devotion and Christian fervour-a natural leader with meticulous organisational ability-an ecumenist of the first order and a man of vision about the Church.**



# THE RT. REV. DR. C.K. JACOB – A GREAT SERVANT OF GOD

*"All my life I had no ambition to be great or rich. Truly speaking, I was below average. I have neither intellectual ability nor other special gifts. But from time to time when the beginnings of spiritual life began to take root, I had only one desire, and that was service and self-effacement. Great and marvellous are His doings for me and His gentleness hath made me great (Psalm 18 : 35). May I ever be humble and obedient and faithful before the Lord unto life's end, and I pray that my children and my children's children may continue to cherish and follow the same ideal and realise that the glory of life is to love and to give and to serve; may they find true happiness and joy by so doing !"*

These are the words of a great servant of God, the Rt. Rev. Dr. C. K. Jacob, as recorded in a brief biographical sketch given in his last Will. Chirakkarottu Korula Jacob was born at Pallom, near Kottayam on 27 April 1886, as the fourth son of Mr. T. Korula and Mrs. Anna Korula. Mr. Korula was Secretary to the first three Bishops of the Anglican Diocese of Travancore and Cochin. Bishop Jacob always took pride in the fact that he was baptized by the first Bishop of the Diocese, confirmed by the second, ordained by the third, inducted Archdeacon by the fourth, served as Vice-Principal of Bishop's College, Calcutta during the episcopate of the fifth and became the sixth Bishop of the Diocese. On 6 May 1945, the Venerable Archdeacon C.K. Jacob was consecrated Bishop, in St. George's Cathedral, Madras, and on 9 th May he was enthroned at the Holy Trinity Cathedral, Kottayam. Bishop Jacob had the unique privilege of being the presiding Bishop at the inauguration of the Church of South India and at the consecration of nine new Bishops, in St. George's Cathedral, Madras on 27 September 1947. In 1948, the CSI Synod elected him Deputy Moderator for two years.

One can never exhaust the wide variety of Bishop Jacob's talents. One of the qualities that immensely impressed those who came to know him was his profound knowledge of the Bible and his masterly skill to interpret it. Many used to call him a *'walking concordance,'* because of his clear memory of biblical verses with reference from any part of the Bible. Canon Peacey, the Principal of Bishop's College, Calcutta while Archdeacon C.K. Jacob was Vice -Principal (1939-45) once said, *"So long as Archdeacon Jacob is around, we can put away the concordance"!*

Bishop Jacob was a man of prayer, deep devotion and Christian fervour. Soon after he became Bishop, the upper room of the Diocesan office was made a Prayer Room with the motto 'Ora et Labora' – Pray and Work. The chapel in the Bishop's House was thrown open so that he could take those who approached him in times of difficulties, to pray for them. His book entitled *'My Prayer Book'*, a valuable contribution to daily devotions, contains prayers of praise, thanksgiving, repentance and committal as well as prayers of many saints translated into Malayalam. Bishop Jacob also prepared another small prayer book for use throughout a week, intended to assist one meditate on the life of Jesus Christ. The secret of Bishop Jacob's success was his prayer life. When he was Principal of CNI he used to get up at 4.30 a. m. and after a cold bath and private devotion, he would go to the chapel at 6 a.m. When the theological students reached the chapel it was a common sight to see Jacob Atchen on his knees. Only after the common devotion at 7 a.m. he used to go to his office. Such was his disciplined prayer life.

Thirdly, Bishop Jacob was a natural leader with meticulous organisational ability. He spared no pains in working out every minute detail of the programmes he had to organise. Although he had control over any situation, he was not stubborn. He was quite willing to accept the views of others and change the course of action. Until the late forties the diocesan youth activities were confined to one or two annual conferences – one in Malayalam and another in English. It was in the providence of God that a few young people like Mr. C. John Mathai, Rev. A.C. Oommen and Sister Rachel John attended the conferences regularly. They formed an informal Prayer Fellowship which lent support to the diocesan youth work. Whenever the Bishop was approached for advice or permission, he was very accommodative and helpful. A case in point is the formation of the Youth Department and the appointment of an Organising Secretary. At the annual Youth Conference held at Bethel Ashram in April 1947 in the presence of Bishop Jacob, it was resolved to request the Diocese to appoint a full –time Organising Secretary. The Bishop offered his approval without any hesitation although there were some elders of the Church frowned at the freedom the youth were taking in organising the youth work of the Diocese on their own and then seeking approval.

Bishop C.K. Jacob was an ecumenist of the first order. He was an ardent believer in the crusade for Church Union. After the formation of the CSI in 1947 he travelled to various countries like UK, USA, Canada and Australia to interpret this new venture of faith which was certainly a miracle of the 20th century. He had very close relationship with other ⇨

# All for Thy Love (Contd..... from Page 5)

chicken and fish. There is an abundance of fruit trees. Rice, other crops and Sobai grass are grown in the fields. These items help to supplement the diet of the patients and bring some income.

- ***How do you generate funds for the regular running of the Home?***

The Leprosy Home is mainly financed by the Evangelical Missionary Society in Mayurbhanj with a smaller contribution from the Leprosy Mission, the Government of Orissa Health Department and local donors.

- ***What is your vision about the mission at Baripada?***

Our vision is to establish a 40- bedded Referral Hospital with modern facilities and experts, as a fitting Memorial to Graham Staines. In the whole of North Orissa, there is no hospital where reconstructive surgery or amputation can be performed. We have to send the patients needing such treatment either to Parulia or Calcutta. Both distance and language are a problem as most of the patients are tribals. The Referral Hospital will be a great asset to this tribal district and a great service to those suffering from leprosy. Recently the foundation stone of the proposed Hospital was laid near the Leprosy Home at Baripada.

- ***What is the frequency of reported cases of leprosy there?***

Earlier the frequency was about 23-24%, but it has come down to about 8%. Still this is very high".

- ***How do you feel of being a martyr's wife?***

I never think about it.

- ***How did Esther react to that dreadful incident?***

Once my daughter told me: Mummy, I wonder why they can't understand that we have forgiven them. This shows how deeply the teachings of Christ had penetrated within her.

- ***Why did you prefer to continue your work in India?***

Because God called me, I would love to continue what Graham had begun. Those whom Graham looked after, still need help, love and caring. I can't just pack my bags and leave. I can't see myself doing anything else but this present work. Baripada is my home now.

- ***Is there any problem for your stay in India?***

Many controversies about my visa are being circulated through magazines, newspapers and other media which are incorrect. I have no problem regarding the visa at present as I was given a multiple entry visa to return to India after my one year home leave. I am trying for a long term visa for which the Government of Orissa is supportive and favourable.

- ***How do you feel about Kerala and the people here?***

I have been very happy to be here and have found the people to be helpful and friendly. The places I visited are really beautiful.

- ***What message would you like to leave for the people of Kerala?***

To live in harmony with each other and follow the teachings of Jesus who will help.

- ***Anything else you would like to share with us?***

Pray for wisdom in Hospital planning , for present staff taking care of the patients. Thank every one praying for us. Please continue to pray. ●

---

denominations such as the Mar Thoma and Orthodox Churches. In 1951, he was elected President of the Bible Society of India, Pakistan and Ceylon. Several Church leaders of the West felt he was in a unique position to do something about the longstanding dispute between the two factions of the Orthodox Church. So, on his return from UK and USA in 1954, he started negotiations for reconciliation. At some stage there was hope of rejoicing. However, it was short lived. Although his efforts did not apparently succeed, they will be remembered as a sign and testimony for the 'future generations, of the prophetic longing of one whose life was dedicated to the ministry of reconciliation'.

Bishop Jacob was a man of vision about the Church. It is interesting to note that in 1957 when the General Body of the Parish in Melukavu decided about the site of the new Church, Bishop Jacob made a very prophetic remark. He said, "In about twenty five years' time that part of my Diocese should become a separate Diocese. Therefore you should make the plan of the new Church in such a way that it will be a fitting edifice to become the Cathedral Church of the new Diocese".Indeed, his dream came true with the formation of the Diocese of East Kerala in 1983.

Bishop Jacob took charge of the Diocese at a time when the financial position of the Church was highly critical and unstable. He faced the challenge with a strong determination. He evolved a plan to make the Diocese self-supporting within a few years, by pooling the resources of the affluent parishes. The present system of paying the 'Central Fund' by the affluent parishes came into effect during his tenure of office.

The Bishop fell ill in November 1956 on his return from a trip to Malaya, Indonesia and the Persian Gulf. Consequently, he retired from the See on 15 March 1957. Truly he burnt himself out in the service of the Master and passed away after a long illness, on 17 December 1957. His mortal remains lie buried outside the chancel of the CSI Cathedral, Kottayam. We thank God for this great servant of God and pray that his memory may ever remain a source of inspiration and a model to all Bishops and pastors as well as to all those who love the Lord.

**Dr. K.M. George, Punnavely** ●

# സഹനത്തെ സുവിശേഷമാക്കിയ സംഗീതം



ഡോ. സിസ്റ്റർ ഷീല

*പാലക്കാട് മേഴ്സി കോളജിൽ ഇംഗ്ലീഷ് അധ്യാപികയായ ഡോ. സിസ്റ്റർ ഷീല തന്റെ വേദനയേറിയ രോഗാനുഭവങ്ങൾ ന്യൂവിഷൻ വായനക്കാരുമായി പങ്കുവയ്ക്കുന്നു, ഈ ലക്കം മുതൽ. ദു:ഖത്തെ പ്രത്യാശയാക്കി മാറ്റിയ സിസ്റ്ററിന്റെ അനുഭവങ്ങൾ നമുക്ക് ആവേശം പകരുന്നതാണ്.*

*- ചീഫ് എഡിറ്റർ*

ഇനിയൊരു പ്രഭാതം കാണുവാൻ ഞാൻ ജീവിച്ചിരിക്കുമോ എന്ന ചോദ്യം മനസ്സിലുയർന്ന ഒരു ദിനമായിരുന്നു 1998 ഏപ്രിൽ 6. പ്രഭാമയനായ യേശുവിന്റെ കൈകളിൽ എന്റെ ജീവിതവും പ്രിയപ്പെട്ടവർക്ക് എന്നെക്കുറിച്ചുള്ള വേദനയും സമർപ്പിച്ചുകൊണ്ട് വിശുദ്ധ കുർബാന സ്വീകരിച്ച്, ഓപ്പറേഷൻ തിയേറ്ററിലേക്കു പോകുവാനൊരുങ്ങിയിരുന്ന എനിക്കു ചുറ്റും വത്സലമാതാവും സഹോദരങ്ങളും മറ്റു പ്രിയപ്പെട്ടവരും കൂടി നിന്നപ്പോൾ യേശുവിന്റെ സ്നേഹസാന്നിധ്യം വളരെ ആഴത്തിൽ ഞാൻ അനുഭവിച്ചറിഞ്ഞു. പ്രിയപിതാവിന്റെ നിര്യാണത്തിലൂടെയും സദ്സ്വഭാവിയായ ഇളയസഹോദരന്റെ അകാലമരണത്തിലൂടെയും സഹനദാസനായ യേശു നീട്ടിത്തന്ന ദു:ഖത്തിന്റെ പാനപാത്രത്തിൽ നിന്നു രക്ഷയുടെ കയ്പുനീര് ഞാൻ പാനം ചെയ്തുതീരുന്നതിനു മുൻപേ ആ ത്യാഗസ്വരൂപൻ വീണ്ടും കൂടുതൽ തിക്തമായ കയ്പുനീർ നിറയ്ക്കുന്നതായി തോന്നി. ധൈര്യത്തോടെ അതു സ്വീകരിക്കുവാൻ ദൈവം എനിക്കു കൃപ തന്നു. കാൻസർ രോഗിയായി തൃശൂർ അമല ഹോസ്പിറ്റലിൽ താമസിച്ച എന്റെയരികിൽ സംഗീതരംഗത്തെ എന്റെ പ്രവർത്തനങ്ങളെ അഭിമാനത്തോടെ വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ആർച്ച് ബിഷപ്പ് ജോസഫ് കുണ്ടുകുളം പിതാവ് വന്നപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "എനിക്കു മരിക്കുവാൻ ഭയമില്ല. കാരണം, എന്റെ ദൈവം കാരുണ്യവാനാണ്. ദൈവം എനിക്കു ഒരുപാട് ദാനങ്ങൾ നല്കിയിട്ടുണ്ട്. അവയിൽ ഒന്നായി ഞാനീ രോഗത്തേയും കാണുന്നു. സുഖമായാൽ വീണ്ടും ദൈവത്തിനായി, പ്രവർത്തിക്കാമല്ലോ." എന്റെയടുത്ത് നിറഞ്ഞ കണ്ണുകളുമായി നിന്ന അമ്മയെ നോക്കി അദ്ദേഹം പറഞ്ഞു, "മകളുടെ ധൈര്യം നോക്കൂ. കരയരുത്, കേട്ടോ." എന്റെ നേരെ നോക്കി പറഞ്ഞതോ, "ഈ മുറിയിലും വരാന്തയിലും തിങ്ങിനില്ക്കുന്ന ഉറ്റവരും സ്നേഹിതരും വിളിച്ചു പറയുന്നതെന്താണന്നോ-അവർക്ക് മകളെ ആവശ്യമുണ്ട്" എന്നാണ്. എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചശേഷം പിതാവ് പുറത്തേക്കുപോയി. (ഈ സംഭവം കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം കാലം ചെയ്തു). തിയേറ്ററിലേക്ക് എന്നെ കൂട്ടിക്കൊണ്ടു പോകുവാൻ സിസ്റ്റർ നീമിയ വന്നപ്പോൾ ഞാൻ പറഞ്ഞു, "നമുക്കു പ്രാർത്ഥിക്കാം. ഞാൻ പാടിത്തരുന്ന വരികൾ ഏറ്റുപാടണേ." ഒന്നുരണ്ടു വാചകങ്ങൾ എനിക്കും എന്റെ ചുറ്റുമുള്ളവർക്കുമായി പ്രാർത്ഥിച്ചശേഷം ഞാൻ പാടി:

*നാഥാ നീയെന്റെ സ്വന്തമായ് തീർന്നാൽ*
*എന്തിനു സമ്പത്തുവേറെ*
*നീയെന്റെ ഹൃത്തിൽ വന്നു വസിച്ചാൽ*
*എന്തിനു സൗഭാഗ്യം വേറെ*
*നാഥാ നീയെന്റെ പാദം നയിച്ചാൽ*
*എന്തിനു പാതകൾ വേറെ*
*നീയെന്റെ മനസ്സിലെ ദു:ഖമറിഞ്ഞാൽ*
*എന്തിനു സാന്ത്വനം വേറെ*
*നാഥാ നീയെന്റെ കൂടെ ചരിച്ചാൽ*
*എന്തിനു കൂട്ടുകാർ വേറെ*
*നീയെന്റെ ജീവിതലക്ഷ്യമായ് മാറിയാൽ*
*എന്തിനു സ്വപ്നങ്ങൾ വേറെ*

അടുത്തടുത്തു നടന്ന രണ്ടു മരണങ്ങളിലൂടെ ഞാൻ അനുഭവിച്ച ദു:ഖത്തിന്റെ കറുത്ത മേഘങ്ങൾക്കു ചുറ്റും വെള്ളിരേഖകൾ കാണുവാൻ ധ്യാനത്തിലൂടെ ശ്രമിച്ചപ്പോൾ മനസ്സിൽ നിന്നുയർന്ന ഈ വരികൾ എന്റെ ജീവിതത്തിൽ കൂടുതൽ അർത്ഥവത്തായി എനിക്കു തോന്നി. തിയേറ്ററിലെ ഓപ്പറേഷൻ മേശയിൽ കിടന്നപ്പോഴും ഓർമ മറയുന്നതുവരെ ഈ ഗാനം പാടിക്കൊണ്ടിരുന്നു. ഓപ്പറേഷൻ കഴിഞ്ഞ് ഇൻറൻസീവ് കെയർ യൂണിറ്റിൽ കിടക്കുമ്പോൾ അവിടെ എന്നെ ശുശ്രൂഷിച്ചിരുന്ന നേഴ്സുമാരും ഈ ഗാനം കേൾക്കുവാൻ താല്പര്യപ്പെട്ടപ്പോൾ ഞാൻ വീണ്ടും പാടി. ഓപ്പറേഷൻ കഴിഞ്ഞ് അവിടെ കിടന്നിരുന്ന പലരും മുറവിളിയിട്ടു അസ്വസ്ഥത പ്രകടിപ്പിച്ചപ്പോഴും സുസ്മേരവദനയായി കിടക്കുവാൻ എന്നെ സഹായിച്ചത് സംഗീതമായിരുന്നു. തുടർന്ന് ആശുപത്രിയിൽ ചെലവഴിച്ച ദിവസങ്ങളിലും കീമോതെറാപ്പിയുടെ നാളുകളിലും രോഗത്തിൽ നിന്നുള്ള അസ്വസ്ഥതകളും വേദനകളും സഹിക്കുവാനും അവയെ സുവിശേഷമാക്കി മാറ്റുവാനും എന്നെ പ്രാപ്തയാക്കിയതും സംഗീതമാണ്.

സംഗീതം, മുറിവേറ്റ മനസ്സിനു സൗഖ്യം നല്കുന്ന പുണ്യതൈലമാണ്. അതു സ്നേഹത്തെ പോഷിപ്പിക്കുന്ന ആഹാരമാണ്; വേദനയെ വേദാന്തമാക്കുന്ന അമരസല്ലാപമാണ്. മനസ്സിനേയും ശരീരത്തേയും ശാന്തമാക്കുന്ന സംഗീതം നിങ്ങൾക്കും കുളിർമ പകരട്ടെ.

## രണ്ടു തോണിയിൽ കാലു വച്ചാൽ....

107-ാമത് മാരാമൺ കൺവൻഷനിൽ പ്രസംഗിക്കാൻ സി.എസ്.ഐ. മധ്യകേരളമഹായിടവക ബിഷപ്പ് തോമസ് സാമുവൽ ഫെബ്രുവരി 19-ന് രാവിലെ ഒമ്പതരയോടെ റിട്രീറ്റ് സെൻററിൽ എത്തി. റവ. ഡോ. വത്സൻ തമ്പു, സുവിശേഷസംഘം സെക്രട്ടറി റവ. ടി. എ. കോശി, മാർത്തോമാ മെത്രാപ്പോലീത്ത എന്നിവർ കൂടിനിന്ന സ്ഥലത്തേക്കു വന്ന ബിഷപ്പിനെ നോക്കി വത്സൻ തമ്പു അച്ചൻ ക്രിസോസ്റ്റം തിരുമേനിയോട്: "തിരുമേനീ, ഇദ്ദേഹം എൻെറയുംകൂടി ബിഷപ്പാണ്." ക്രിസോസ്റ്റം തിരുമേനി: 'അച്ചൻ സി.എൻ.ഐ. പട്ടക്കാരനാണെന്നാണല്ലോ ഞാൻ മനസ്സിലാക്കിയിരുന്നത്.'

റവ. വത്സൻ തമ്പു: എനിക്ക് ഇവിടെയും അംഗത്വമുണ്ട്, തിരുമേനീ. ക്രിസോസ്റ്റം തിരുമേനി: 'അതുകൊള്ളാം, രണ്ടു വള്ളത്തിൽ കാലുറപ്പിച്ചിരിക്കുന്ന അച്ചൻ ബൈബിൾ പഠിപ്പിച്ചാൽ ജനങ്ങളെങ്ങനെയാ ഗുണപ്പെടുക'. (കൂട്ടച്ചിരി). റവ. വത്സൻ തമ്പു: ഇരു വള്ളങ്ങളും ഒരേ ദിശയിലേക്കാണു നീങ്ങുന്നതെങ്കിൽ കുഴപ്പമില്ല, തിരുമേനീ.

# Pen from Den



## Daniel Babu Paul

Saffronisation of life has become a matter of controversy. This word saffronisation is an unhappy coinage by some innovative journalist or social scientist. Saffron is one of the colours on our national flag, it is a colour associated with Indian asceticism, both Hindu and Syrian Christian, it is a colour which should command respect ! One of the examples of saffronisation often highlighted is making astrology a subject for study. I wonder if those who make the noise are aware that the universities in Kerala already have undergraduate programmes in that subject, they do not have MA yet, but that is because there were not enough students. Secondly, astrology is as much a *science* as meteorology is. What does meterorogy say: there is a certain cloud over South Africa, there is a certain low pressure area over North Atlantic, there are easterly winds south of Japan etc. and therefore it is probable that there would be rain in area X or sunshine in area Y. There is an element of uncertainty in quantum physics too, isn't there? I do not know whether Rupert Sheldrake is a name familiar to our pseudo scientists. He has a book MORPHIC RESONANCE & THE PRESENCE OF THE PAST, THE HABITS OF NATURE. That much for the element of uncertainty. Thirdly, it is said that astrology sees moon as a planet and refers to non existent planets in its calculations. It is incredible that Indian sages who developed astrology were unaware of this. They had enough knowledge of the universe to realize that moon was a satellite. If we compare the time of composing Viswaroopadarsana in Chapter XI of the Gita, which even according to those who date it the latest was composed before Christ was born, and the time when the West recognized the scientific truths taken for granted therein we can see that taking moon or rahu or ketu is just like taking some assumptions in mathematics or physics. ***I find it very "unacademic" to decry astrology. Not for a moment do I suggest that astrology should be made compulsory for all, but find no harm in making a course in astrology available.***

Those who object to the study of astrology at the university level are circumscribed in their vision by the limitations of western science, developed in modern times from Galileo, Descartes and Newton. But even there instances like Newton's apple, Alfred Russel Wallace's independent discovery of the principle of natural selection through a sudden illumination while suffering from a severe attack of malarial fever in the Dutch East Indies, etc. certainly should provoke us to think there are events and phenomena beyond the normal realms of science which influence the latter. Karl Gauss has described how he finally proved a theorem on which he had unsuccessfully worked for four years, "At last, two days ago I succeeded, not by dint of painful effort but so to speak by the grace of God. As a sudden flash of light the enigma was solved....For my part I am unable to name the nature of the thread which connected what I previously knew with that which made my success possible." Henri Poincare has also a similar story to tell about one of his fundamental discoveries in Mathematics. He says, "For fifteen days I strove to prove that there could not be any functions like those I have since called Fuchsian functions. One evening I....could not sleep. Ideas rose in crowds; I felt them collide until pairs interlocked so to speak making a stable combination. By the next morning I had estabilished the existence of a class of Fuchsian functions. I had only to write out the results which took but a few hours."

There is something called The Bible Code. According to the proponents of this new discovery they have unlocked with the help of super computers the code which thousands of years ago forecast World War II, Kennedy assassination etc. A secluar reporter, originally skeptical about the whole concept, has written a book by the same name. I do not know Hebrew and I do not have access to the kind of computer which is essential for decoding but I find the book very convinving; more convincing than what Ian Fleming wrote on the Turin Shroud. The Bible Code forces us to accept what the Bible itself only asks us to believe, that we are not alone in this universe. Indian sages knew this too. Therefore let us have enough humility to accept that there may be something more than what we see in a lab!! This applies with equal force to Vastuvidya. I founded the VASTUVIDYA GURUKULAM at Aranmula and continue

(Contd..... Page 12)

**I am personally aware of a famous evangelist of Kerala availing our help for getting 'vastu certification' for his house: of course he came *in cognito* and we discovered the ownership after our consultants reached the site. I do not blame him, yet I cannot but recall the story of an agnostic scientist who bung a horse shoe on the front door for good luck since he was told that it would bring good luck even if the owner had no faith in it!**



# താളംതെറ്റിയ കൗമാരം

ജോർജ്ജ് ബഹനാൻ ടി. (കൺസൾട്ടൻറ് കൗൺസലർ & തെറാപ്പിസ്റ്റ്, തിരുവനന്തപുരം)

തലസ്ഥാനനഗരിയിലെ മൂന്നു കുട്ടികൾ ഒരു ബൈക്കിൽ സ്കൂളിൽ നിന്ന് അപ്രത്യക്ഷരായെന്ന വാർത്ത കാട്ടുതീപോലെ പരന്നു. അപ്പോഴേക്കും അവർ ചെന്നൈയിൽ എത്തിയിരുന്നു. വീട്ടുകാർ എങ്ങനെയോ വിവരമറിഞ്ഞു. അതു മനസ്സിലാക്കിയ കുട്ടികൾ ബാംഗ്ലൂർക്കു പോയി. അവർ മാനസികമായും ശാരീരികമായും തളർന്നുകഴിഞ്ഞിരുന്നു. അച്ഛനമ്മമാർ അവരെ ബാംഗ്ലൂരിൽ നിന്ന് കൂട്ടിക്കൊണ്ടുപോന്നു. എന്തിനാണ് ഇങ്ങനെ പോയതെന്നു ചോദിച്ചപ്പോൾ അവരുടെ ഉത്തരം, "ഒന്ന് അടിപൊളിയായി ജീവിക്കാൻ". ഇത് കൗമാരപ്രായക്കാരുടെ വളരെ സങ്കീർണമായ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഒരു ബൈക്കിൽ മൂന്നുപേർ ചെന്നൈ വരെ പോവുകയെന്നത് അവിവേകമാണ്. ബൈക്കിൽ മൂന്നു പേർ കയറിയതിന് തമിഴ്നാട് പൊലീസ് രണ്ടുമൂന്നുപ്രാവശ്യം പിടിച്ചുവെങ്കിലും കോഴ കൊടുത്ത് രക്ഷപ്പെട്ടു. രാത്രിയും പകലും തുടർച്ചയായി ഓടിക്കുക, കാടും മലയുമെല്ലാം കടക്കുക, ബൈക്കിന് ഏതു സമയത്തും അപകടം പറ്റാനുള്ള സാധ്യത ഇങ്ങനെ ഗൗരവമേറിയ പല കാര്യങ്ങളും അവർ കണക്കിലെടുക്കേണ്ടിയിരുന്നു. സാക്ഷാൽ കൗമാരപ്രായക്കാരൻെറ സ്ഥിതിയിതാണ്. ചില അവസരങ്ങളിൽ പന്തംകണ്ട പെരുച്ചാഴിയെപോലെ അന്തിച്ചു നില്ക്കുന്നവരുമുണ്ട്.

വേറൊരു സ്ഥലത്ത് ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന രണ്ടു കുട്ടികളെ സ്കൂളിൽ നിന്ന് പുറത്താക്കി. ബോർഡിൽ ഒരദ്ധ്യാപികയെപ്പറ്റി അവർ അശ്ലീലമെഴുതി. പഠിത്തത്തിൽ മോശമായിക്കൊണ്ടിരുന്ന ഈ കുട്ടികളെ കൗൺസലിംഗിന് വിധേയമാക്കിയപ്പോഴാണ് അശ്ലീലമെഴുത്തിൻെറ വേരുകൾ ഇൻറർനെറ്റിൽ എത്തിനില്ക്കുന്നതായി മനസ്സിലാക്കിയത്.

ഹൈസ്കൂളിൽ വച്ചുതന്നെ മദ്യത്തിനടിമപ്പെടുന്ന അനേകം വിദ്യാർത്ഥികളുണ്ട്. "സർ ഞാനൊരല്പം കുടിക്കും. പക്ഷേ, എനിക്ക് കൺട്രോൾ ചെയ്യാൻ അറിയാം-" ഒരു പ്ലസ് ടു വിദ്യാർത്ഥിയുടെ വാക്കുകൾ. ഇത് ഒറ്റപ്പെട്ട സംഭവമല്ല. പുകവലി അതിലും സർവസാധാരണമാണ്.

കൗമാരപ്രായക്കാരെ വഴിതെറ്റിക്കുന്ന ധാരാളം ഘടകങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. കുടുംബത്തിലെ അന്തരീക്ഷമാണ് പ്രധാനം. കുട്ടികളെ സർവകലാവല്ലഭരാക്കാനുള്ള തത്രപ്പാടിൽ അച്ഛനമ്മമാർ ഉൾപ്പെടെയുള്ള മുതിർന്നവർ മർമപ്രധാനമായത് മറന്നു കളയുന്നു. പറഞ്ഞാൽ മനസ്സിലാകുന്ന കാലത്തു തന്നെ കുട്ടികൾക്ക് നാം ജീവിതമൂല്യങ്ങൾ പറഞ്ഞുകൊടുക്കണം. മാമോനും, ദൈവവും-അതുതന്നെ സുപ്രധാന വിഷയം. ഇതിനോടുള്ള നമ്മുടെ മനോഭാവമാണ് ജീവിതത്തിൻെറ ആകെത്തുക. പണത്തെയും, ദൈവത്തെയും നിങ്ങൾക്ക് ഒരേസമയം സേവിക്കാൻ സാധിക്കയില്ല. ദ്രവ്യാഗ്രഹം സകല ദുഷ്ടതയുടെയും മൂലകാരണമല്ലേ? പണത്തോടുള്ള സ്നേഹം വല്ലാത്തയൊരു മാനസികാവസ്ഥയാണ്. ഇത് നമ്മുടെ കുട്ടികളെ പഠിപ്പിച്ചെടുക്കേണ്ട കാര്യമാണ്. *പണത്തേക്കാൾ ദൈവവും മറ്റുള്ളവരുമാണ് പ്രധാനം എന്ന സനാതന സത്യം നമ്മുടെ കുട്ടികളെ പഠിപ്പിച്ചെടുത്താൽ ഭാവിയിൽ അവരുടെ ഭൂരിഭാഗം പ്രശ്നങ്ങളും ഇല്ലാതാകും. അയൽക്കാരൻ ഒരു പുതിയ വീട് പണിതാലോ, ഒരു ഇൻഡിക്ക കാർ വാങ്ങിച്ചാലോ അവർക്കൊരു ഭാവമാറ്റവും ഉണ്ടാകില്ല. ലളിതമായ ജീവിതശൈലി അവർ സ്വയാത്തമാക്കണം.* അപ്പോൾ അവരുടെ ജീവിതത്തിൽ സ്റ്റാറ്റസ് സിമ്പലുകൾ ഉണ്ടാവുകയില്ല. മാതാപിതാക്കൾ കാണിച്ചുകൊടുക്കുന്ന മൂല്യങ്ങൾ കുട്ടികളുടെ മൂല്യങ്ങളാകും. യാചിക്കാൻ വരുന്നവൻ കള്ളനാണെന്ന് പറഞ്ഞ് നിങ്ങൾക്ക് തടിതപ്പാം. പക്ഷേ, യാചിക്കുന്ന ഏവനും കൊടുക്കത്തക്ക ഒരു വലിയ മന:സ്ഥിതി കുട്ടികളെ ധന്യരാക്കും, അതവർക്ക് മാനസികാരോഗ്യം കൊടുക്കും.

തിരെ ചെറുപ്പത്തിലേ കുട്ടികളെ വരകൾ, വർണങ്ങൾ, വായന എന്നിവയുടെ ലോകത്തിലേക്കു നയിക്കാം. അക്ഷരങ്ങളും, ചിത്രങ്ങളും, അവർ കാണട്ടെ. പക്ഷേ, ഇന്നത്തെ മാതാപിതാക്കൾ ഇതെല്ലാം ഒരു മത്സരപ്പരീക്ഷയ്ക്കു വേണ്ടിയാണ് ചെയ്യുന്നത്. പ്രത്യുത, വരയുടെയും വായനയുടെയും ഒരു സംസ്കാരം വളർത്തിയെടുക്കയാണാവശ്യം. അങ്ങനെയാണെങ്കിൽ ജീവിതാവസാനംവരെ അതവർ ഉപയോഗിച്ചുകൊണ്ടിരിക്കും. അതിനുപകരം, പല മാതാപിതാക്കളും അവരുടെ മക്കളെ അമാനുഷരാക്കി മാറ്റാനുള്ള ബദ്ധപ്പാടിലാണ്. പാഠ്യവിഷയങ്ങൾക്ക് പുറമെ, പാട്ട്, ഡാൻസ് തുടങ്ങി നാലോ അഞ്ചോ പാഠ്യേതര വിഷയങ്ങൾ കൂടി പഠിപ്പിക്കുന്നു. അതോടൊപ്പം സ്കൂട്ടറും, കാറും ഓടിക്കാൻ പഠിപ്പിക്കുന്നു. വേണമെങ്കിൽ കുറെ ജിംനാസ്റ്റിക്സും. മനസ്സും ശരീരവും ഒരുപോലെ നന്നാവണമല്ലോ! ഒരുപക്ഷേ, ഭാവിയിൽ ഒരു 'കലാപ്രതിഭ' അല്ലെങ്കിൽ 'കലാതിലക പട്ടമോ' കൈക്കലാക്കാമല്ലോ. രക്ഷാകർത്താക്കൾ തമ്മിലുള്ള മൽസരത്തിൻെറ ബലിയാടുകളാണിവർ. എല്ലാവിധ സുഖസൗകര്യങ്ങളോടും വളർന്ന ഒരു പെൺകുട്ടി വലിയ വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിച്ചു. എല്ലാ പരിപാടികളിലും മുൻപന്തിയിൽ. പാടാനറിയാം, ഡാൻസ് ചെയ്യാനറിയാം, സംഗീതോപകരണങ്ങൾ വായിക്കാനറിയാം. അങ്ങനെയിരിക്കെ അവൾ രോഗക്കിടക്കയിലായി. വേദനകൊണ്ട് നിരാശയായി അവൾ ഉറക്കെ കരഞ്ഞു. അവൾക്കിനി ജീവിക്കേണ്ട. അവൾ അമ്മയെ വിളിച്ച് കണ്ണുനീരോടെ പറഞ്ഞു: അമ്മേ നിങ്ങൾ എന്നെ എല്ലാം പഠിപ്പിച്ചു, പ്രത്യേകയവസരങ്ങളിൽ എങ്ങനെ വസ്ത്രധാരണം ചെയ്യണം, എങ്ങനെ നടക്കണം, ഡിന്നറിന് പോകുമ്പോൾ എങ്ങനെ പെരുമാറണം, എങ്ങനെ കഴിക്കണം എന്നൊക്കെ. പക്ഷേ ഒന്നു മാത്രം പഠിപ്പിച്ചില്ല. പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു, "എന്നെ പ്രത്യാശയോടെ മരിക്കാൻ പഠിപ്പിച്ചില്ല." നിരാശ വരുമ്പോൾ, പ്രതിസന്ധികൾ വരുമ്പോൾ, മരണം മുന്നിൽ കാണുമ്പോൾ, അതിനെയെല്ലാം എങ്ങനെ നേരിടുന്നുവെന്നതാണ് പ്രധാനം. അതാണ് കുട്ടികളെ പഠിപ്പിക്കേണ്ടത്.

⇨

**കുടുംബത്തിലുണ്ടാകുന്ന അമിതമായ ലാളനയും, കർശന ശിക്ഷണവും കൗമാരക്കാരിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് അച്ഛനമ്മമാർക്കാണ് ഇന്ന് കൗൺസലിംഗ് ഏറെ ആവശ്യം.**

# Pen from Den.... *(Contd..... from Page 10)*

to be its Hon. Chancellor. It is affiliated to the MG University and conducts inter alia a course leading to a PG diploma in Traditional Architecture. Long before western architecture got formulated in the modern way India had developed its own architecture, like Egypt which built the pyramids, or, for that matter, every ancient civilization from the American Inca to the Chinese and the Japanese, the only unique feature of our Vastuvidya being that it has an unbroken continuity from that hoary past to this day. I am personally aware of a famous evangelist of Kerala availing our help for getting "vastu certification" for his house: of course he came *in cognito* and we discovered the ownership after our consultants reached the site. I do not blame him, yet I cannot but recall the story of an agnostic scientist who bung a horse shoe on the front door for good luck since he was told that it would bring good luck even if the owner had no faith in it!

Of course, there is also the complaint about saffronising history. Here again, I would only tell my Marxist and pseudosecular friends what Jesus told Jewish establishment: Physician, heal thyself first. We know the Marxian approach to history. It can be accepted as an altenative method or theory in historiography. But how do we explain what is taught in North Korea? The korean war ended in the decline and fall of the yankee civilzation, according to their textbooks. Similar is the situation about Japanese history. About their Chinese occupation the current textbook gives a version of Japanese cruelties, although the numbers may be different from the Chinese version, but "NEW HISTORY TEXTBOOK" written by the Japanese Society for History Textbook Reform says, Many questions have been asked, and there are various opinions about what actually happened there. A dispute continues to this day. Nearer home is there unanimity on Sir CP or even on Velu Thampi? Sri CP, to some, was an evil influence on the Palace but to others he is the architect of modern Travancore, and hence Kerala. Velu Thampi is the personification of national spirit according to the official history, but to some he was the rebellious parochial leader of South Travancore landlords who could not tolerate three high officials who belonged to the northern part of the kingdom and to the wrong caste or community. History therefore is a matter of constant re-evaluation and what is important is to be objective in evaluation even as we are bound to be subjective in appreciation of available source materials.

***Let us not blindfold ourselves in any realm of knowledge. All knowledge is from God.*** And fear of God is the beginning and the end of knowledge and wisdom. ●

കൗമാരപ്രായക്കാരെ വഴിതെറ്റിക്കുന്ന മറ്റൊന്ന് മാധ്യമങ്ങ
ളാണ്. പ്രത്യേകിച്ച്, ടി.വിയും, സിനിമയും, ഇവ അടിച്ചേൽപ്പി
ക്കുന്ന സംസ്കാരത്തിൻെറ തിക്തഫലങ്ങളാണ് നമ്മുടെ
കൗമാരപ്രായക്കാർ അനുഭവിക്കുന്നത്. പലരും പഠിത്തത്തി
ലുള്ള താല്പര്യം കുറഞ്ഞ് ടെലിവിഷൻെറ അടിമകളായിരി
ക്കുന്നു. *ടി.വി ചാനലുകൾ മലിനജലമൊഴുകുന്ന ചാലുകൾ*
*തന്നെയാണ്.* മാധ്യമങ്ങളാണ് കുട്ടികളിൽ അക്രമപ്രവണത
യുണ്ടാക്കുന്നതെന്ന് അദ്ധ്യാപകരും മന:ശാസ്ത്രജ്ഞരും ഒരു
പോലെ അഭിപ്രായപ്പെടുന്നു. അക്രമത്തിൻെറ പല പുതിയ
രീതികളും ടെലിവിഷനിലൂടെയാണ് അവർ പഠിക്കുന്നത്.
അതുപോലെ, അദ്ധ്യാപകരെയും മാതാപിതാക്കളെയും അല
ട്ടുന്ന ഒരു വലിയ പ്രശ്നമാണ് കൗമാര പ്രേമം. ഇതിൻെറയും
പ്രധാന പ്രോത്സാഹനം വരുന്നത് സിനിമയും ടിവിയിലും നിന്നു
തന്നെ. ഇടതടയില്ലാതെ ഈ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന
സിനിമയും പ്രേമരംഗങ്ങളും കൗമാരമനസ്സിനെ വല്ലാതെ ബാ
ധിക്കുന്നു. ഇത് അവരുടെ പഠിത്തത്തെയും കുഴപ്പത്തിലാക്കു
ന്നു. വീട്ടിൽനിന്നു സ്നേഹം കിട്ടാത്ത കുട്ടികൾ പലപ്പോഴും
കൗമാരപ്രേമത്തിൽ വീണുപോകുന്നു. കൗൺസലിംഗിലൂടെ
ഇവരെ രക്ഷിക്കാൻ സാധിക്കുമെന്ന് അനുഭവങ്ങൾ തെളിയി
ക്കുന്നു.

<u>പ്രശ്നക്കാരായ കൗമാരപ്രായക്കാരുടെ പുറകിൽ, പ്രശ്ന
ക്കാരായ അപ്പനോ അമ്മയോ ഉണ്ടെന്നുള്ള കാര്യത്തിൽ സംശ
യമില്ല. അഛനും അമ്മയും തമ്മിലുള്ള ആഴമേറിയ വൈകാ
രികപ്രശ്നങ്ങൾ കുട്ടികളെ ബാധിക്കും.</u> കുട്ടികളെപ്പറ്റിയുള്ള
അഛനമ്മമാരുടെ അതിരുകവിഞ്ഞ പ്രതീക്ഷകൾ, അതിനൊത്ത്
ഉയരാതെ വരുമ്പോൾ കുട്ടികൾ അനുഭവിക്കുന്ന പീഡനങ്ങൾ,
ഇതൊക്കെ കൗമാരപ്രായക്കാരെ ആത്മഹത്യയിലേക്കുവരെ
നയിക്കുന്നു. ആത്മഹത്യാപ്രവണതയുള്ള ധാരാളം കുട്ടികൾ

നമ്മുടെ സ്കൂളുകളിലുണ്ട്. കുടുംബവും സ്കൂളും, ഇതു
രണ്ടുമാണ് അവരെ ഈ നിലയിൽ എത്തിക്കുന്നത്. കുടുംബ
ത്തിലുണ്ടാകുന്ന അമിതമായ ലാളനയും, കർശന ശിക്ഷണ
വും കൗമാരക്കാരിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട്
അഛനമ്മമാർക്കാണ് ഇന്ന് കൗൺസലിംഗ് ഏറെ ആവശ്യം.
ക്രിസ്തീയസഭയ്ക്ക് ധാരാളം കാര്യങ്ങൾ ഈ രംഗത്ത്
ചെയ്യാൻ സാധിക്കും. കൗമാരപ്രായക്കാരെ പരിശീലിപ്പിക്കുന്ന
തിൽ അവസാനത്തെ ആശാകേന്ദ്രമാണ് സണ്ടേസ്കൂൾ. സണ്ടേ
സ്കൂളിൻെറ മന:ശാസ്ത്രപരമായ പ്രാധാന്യം ഇന്നുവരെ നമ്മുടെ
സഭകൾ മനസ്സിലാക്കിയിട്ടില്ല. ബാല്യകാലത്ത് ഒരു കുട്ടിക്കു
കിട്ടുന്ന വേദപുസ്തകസത്യങ്ങൾ അവൻെറ വ്യക്തിത്വ വിക
സനത്തിൻെറ അടിത്തറയാണ്, ബാല്യകാലത്ത് കിട്ടുന്ന മൂല്യ
ങ്ങൾ കുട്ടികളുടെ മനസ്സിൽ വേരുറയ്ക്കും. അതുകൊണ്ട്,
സഭ അതീവഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയ
മാണ് സണ്ടേസ്കൂൾ. ധാരാളം പണം ചിലവാക്കി, വലിയ
പന്തലുകളിട്ട് ആർഭാടത്തോടെ സഭ കൺവൻഷനുകൾ നട
ത്തുന്നു. അതേ സമയം, മർമപ്രധാനമായ സൺഡേസ്കൂളുകൾ
വെറും പ്രഹസനങ്ങളായി മാറുന്നു. കുമാരീകുമാരന്മാരെ സംഘ
ടിപ്പിക്കുകയും അവരുടെ ആത്മീയവും മന:ശാസ്ത്രപരവുമായ
വികസനത്തിനുവേണ്ടിയുള്ള കർമപരിപാടികൾ സഭ ശക്ത
മായി നടത്തുകയും വേണം. അതുപോലെ തന്നെ പ്രാധാന്യമു
ള്ളതാണ്, പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സുകൾ. ധാരാളം
ക്രിസ്തീയ കുടുംബങ്ങൾ ഇന്ന് തകർച്ചയുടെ വക്കിലാണ്.
വിവാഹപ്രായമെത്തിയവർക്ക് വിവാഹജീവിതത്തെപ്പറ്റിയും,
കുടുംബത്തെപ്പറ്റിയും വ്യക്തമായ ഉൾക്കാഴ്ചകൾ കൊടുത്ത്
ശക്തമായ ഒരു കുടുംബം കെട്ടിപ്പടുക്കാൻ ഈ കോഴ്സു
കൾക്കു സാധിക്കും. അങ്ങനെയുള്ള കുടുംബങ്ങളിൽ പ്രശ്ന
ക്കാരായ കുട്ടികൾ കാണുകയുമില്ല. ●

# BROTHERS AND *Killers*



Rev. Dr. VALSON THAMPU

**The purpose of religion is to enable us to be keepers rather than killers of each other, protectors rather than predators of life and nature.**

"Where is your brother?". God asked at the beginning of biblical history. God has had no respite from asking the same question ever since. The original context was that of bloodshed: brother killing brother, which is what every murder really is. Within the vision of vasudaiva kutumbakam, can anyone, even the most abhorred enemy, be less than a brother?

Two insights in the Cain-Abel story are of special significance to the current tragic scenario in our country. First, it is in the context of religion that brother kills brother. The issue at stake here is the very purpose of religion, which has been at all times perversely misunderstood. Religion is meant to master the ambivalence in human nature. We can be either the keepers or the killers of our brothers. The purpose of religion is to enable us to be keepers rather than killers of each other, protectors rather than predators of life and nature. The ascendancy of vested interests in religion, however, degrades it into a license for murder and mayhem, as has happened in the history of all religions.

All through history, the most sanctified form of murder has been the killing of the enemies of one's God. Yet God is the giver and defender of life, who confronts every human being with the absolute Commandment, "You shall not kill". The Commandment does not entertain any excuse or extenuating circumstance. It is an absolute imperative, not only to desist from murder but also to protect life. We are not to kill under any circumstance; for no twist or turn of events can nullify the truth that God alone has authority over life.

What has degraded religion into a theatre of cruelty and barbarity is the 'ownership' mentality of the devotees vis-a-vis their gods. Yet, the truth is that a god owned exclusively by a segment of the human species is no God. Hence it is that we have two contrary images of God in almost all religious traditions. The first image is that of a tribal god whose affinities and concerns are limited to a designated group. The alternate image is that of a transcendental God who has no favourites and whose concerns are non-partisan. This God insists on an absolute adherence to universal values, especially the value of cherishing and defending human life and the integrity of creation.

There is a remarkable instance in the Bible when the tension between these two views on God come face to face in a dramatic fashion. It happens in the Garden of Gethsemene in the course of Jesus' arrest. The most intriguing thing about this event is Jesus' enquiry of Peter as to how many swords he has. To Peter's reply that he has two with him, Jesus answers, "They will do". At the point of Jesus' arrest, Peter strikes with his sword at a member of the hostile crowd and slashes off his ear. Upon this, Jesus reprimands him with the words, "Put down the sword. He who takes the sword shall fall by it." If it were not to use the sword against their enemies, why in the world did Jesus want Peter to take the swords with him to Gethsemene?

The spiritual drama in Gethsemene engages the seminal temptation in religion: the temptation to turn the sword into the foremost expression of one's zeal for God. Both in Gethsemene and on the Cross, Jesus unequivocally rejects the option of the sword as a symbol of religious loyalty. But, for the most part, the message has been lost on Christendom. Crusades and inquisitions, the bloody ritual of 'devotion-through-sword' continued for centuries thereafter, corrupting the Christian witness to a bruised world most lamentably.

In the Garden of Gethsemene, Jesus instructs Peter on how to use the sword and, even more importantly, how not to use it. He leaves Peter in no doubt that loyalty expressed through the sword is utterly unacceptable to God. If these swords are not to be used against the enemies of his God, how is Peter to use them? The answer is writ large over the symbolic resonance of the Gethsemene event. Peter that day understood that sword number one must be used against himself: especially against the all-too-human tendency to use the sword against others in expressing one's religious zeal. The first spiritual use of the sword is against oneself. Or, in the words of Jesus on an earlier occasion, the first spiritual sword is the sword of self-denial, which is a pre-condition for discipleship. Religion stands in peril of degenerating into a blood bath when those who lack the spiritual strength of self-denial wield the sword. The sword can be an instrument of justice or injustice, compassion or cruelty, de- ⇨

# കൺവൻഷൻ പ്രസംഗങ്ങളുടെ പ്രസക്തി

(107-ാമതു മാരാമൺ കൺവൻഷനിൽ പങ്കെടുത്തവരിൽ ചിലരുടെ പ്രതികരണങ്ങൾ)



**ഈ** വർഷത്തെ മാരാമൺ കൺവൻഷനിൽ എനിക്ക് ഇഷ്ടപ്പെട്ടത് റവ. ഡോ. വൽസൻ തമ്പുവിന്റെ പ്രഭാഷണങ്ങളായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലെ വ്യാഖ്യാനശൈലിയും അവതരണവും അത്യന്തം ഹൃദയാവർജ്ജകമാണ്. തിന്മ നിറഞ്ഞ ഘടനകളുടെ നാം മനസ്സിലാക്കാത്ത, ഒരു പക്ഷേ അറിയാമായിരുന്നിട്ടും മറഞ്ഞുകിടക്കുന്ന, ഉള്ളുകളിലേക്ക് വെളിച്ചം വീശുകയും അവിടെ രൂപാന്തരത്തിന്റെ ആവശ്യം ശക്തീകരിക്കുകയും ചെയ്യുന്ന അവതരണം. സുപരിചിതമായ വേദഭാഗങ്ങൾ തെരഞ്ഞെടുത്ത് പുനർവായനയ്ക്ക് വിധേയമാക്കുന്ന ശൈലി ഹൃദ്യമാണ്. ധ്യാനത്തിലൂടെ അച്ചൻ അവതരിപ്പിക്കുന്ന ചിന്തകൾ വേദപുസ്തകത്തിന്റെ കൂടുതൽ പഠനത്തിനും ആവിഷ്കാരങ്ങൾക്കും ശ്രോതാക്കളെ വെല്ലുവിളിക്കുന്നുവെന്നത് നിസ്തർക്കമാണ്. മറ്റു പ്രസംഗങ്ങൾ വചനസത്യങ്ങളുടെ ആഴങ്ങളിലേക്കു ചെല്ലുന്നതിനുപകരം ചില വിഷയങ്ങളുടെ വിശദീകരണങ്ങളിലും ഉദാഹരണങ്ങളിലും സമയം കളയുകയായിരുന്നു. പുരാതനകഥകൾ സ്വന്തം സൃഷ്ടിയായി അവതരിപ്പിക്കുന്ന വങ്കത്തവും ചിലർ കാട്ടി.

ആധുനിക ലോകത്തിൽ കൺവൻഷൻ പ്രസംഗങ്ങൾ കൂടുതൽ പ്രസക്തമാക്കുവാനുള്ള നിർദ്ദേശങ്ങൾ:-

കൺവൻഷന് ഓരോ വർഷവും ഒരു പൊതുവിഷയം നിശ്ചയിക്കുക, കൺവൻഷൻ വിഷയത്തോട് ബന്ധിപ്പിക്കാവുന്ന വേദപുസ്തകഭാഗങ്ങൾ നേരത്തേ പരസ്യപ്പെടുത്തുക, കൺവൻഷനുശേഷം പ്രഭാഷണങ്ങളുടെ ലഘുകുറിപ്പുകൾ ചേർത്ത് പഠനപുസ്തകമാക്കി സഭയിൽ തുടർപഠനം സാധ്യമാക്കുക, എല്ലാ കൺവൻഷനുകളും വിഷയബന്ധിതവും ബൈബിൾപഠനപരവുമായിരിക്കുവാനുള്ള നയം ഉണ്ടാക്കുക, നന്മയുടെയും സാമൂഹ്യമാറ്റം സാധ്യമായതിന്റെയും കൂടുതൽ ഉദാഹരണങ്ങൾ പ്രഭാഷണങ്ങളിൽ ഉൾക്കൊള്ളിക്കുക.

*റവ. രഞ്ജൻ നെല്ലിമൂട്ടിൽ, കോട്ടയം*

■ ■



**ഈ** വർഷത്തെ പ്രധാന പ്രസംഗകരുടെ സമീപനം വ്യത്യസ്തമായിരുന്നു. റവ. മാർട്ടിൻ അൽഫോൺസിന്റെ പ്രസംഗങ്ങൾ സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലുന്നതായിരുന്നുവെന്ന് പൊതുവായി പറയാം. റവ. ഡോ. വത്സൻ തമ്പുവിന്റെ പ്രസംഗങ്ങൾ അല്പം കൂടെ ദൈവശാസ്ത്രപരവുമായ വീക്ഷണകോണിൽ അടിസ്ഥാനപ്പെട്ടിരുന്നു. എന്നാൽ അത് കേൾവിക്കാർക്കു സുഗ്രാഹ്യമാക്കാൻ അദ്ദേഹം നന്നേ പാടുപെടുന്നതായി തോന്നി. വിഷയവുമായി പ്രസംഗകൻ താദാത്മ്യം പ്രാപിച്ചെങ്കിൽ മാത്രമേ ഹൃദയസ്പർശിയായി അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ. കൺവൻഷൻ പ്രസംഗങ്ങൾ ഹൃദയസ്പർശിയാക്കാനുള്ള നിർദ്ദേശങ്ങൾ:-

പ്രസംഗത്തിന് നല്ല ഒഴുക്കുണ്ടായിരിക്കണം. വലിയ കൺവൻഷനുകളിൽ ചെയ്യേണ്ട പ്രസംഗങ്ങൾ, പല ചെറിയ കൂട്ടങ്ങളിൽ അവതരിപ്പിച്ച് കേൾവിക്കാരുടെ അഭിപ്രായങ്ങളാരായുന്നത് പ്രസംഗങ്ങൾ കുറ്റമറ്റതാക്കുന്നതിനും കൂടുതൽ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നതിനും സഹായകമായിരിക്കും. -തലേവർഷം പ്രസംഗിച്ചവരെ പിറ്റേവർഷം വിളിക്കാതിരിക്കുക. (പുതിയ പ്രസംഗങ്ങൾ തയാറാക്കുന്നതിനു കുറഞ്ഞത് ഒരു വർഷത്തെ ഇടവേളയെങ്കിലും കൊടുക്കണം.) -ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ കൂടുതൽ ശക്തമായി അവതരിപ്പിക്കണം. കേൾവിക്കാരെ വെല്ലുവിളിക്കുന്നതിനും അതിലൂടെ കുറേ ചെറുപ്പക്കാരെയെങ്കിലും ദൈവസന്നിധിയിൽ പ്രതിഷ്ഠിക്കുന്നതിനുമുതകുന്ന ജീവിതഗന്ധിയായ ദൂത് ആയിരിക്കണം. -കൺവൻഷൻ പ്രസംഗകരുടെ കൂട്ടത്തിൽ വനിതകളെ ഉൾപ്പെടുത്തുന്നതിലൂടെ സ്ത്രീവീക്ഷണത്തിന്റെ പ്രത്യേകതകളും അതിലൂടെയുള്ള ദൈവവിളിയും പങ്കിടാൻ അവസരമുണ്ടാകണം.

*മിസ്സസ് ശാന്താ ജോർജ്, കൂർത്തമല*

■ ■

pending on who wields it. The tragedy in religion has all along been that swords and trishuls are in the hands of those who know no self-control. The only mission of those who cannot control themselves will be to control and terrorise others.

The second spiritual sword is against one's own religious community; to cleanse and purify it. If the first duty of a spiritually enlightened person is to be vigilant against his own impure motives, his second duty is to be vigilant against the egoism and aggression of his own religious community. This is so because religion, like politics, is a domain of power and power stands in danger of degenerating into corruption unless it is purified of all vested interests. There are only two sets of options in religion: the reformation of the self or the coercion and subjugation of others. The reformation of oneself and one's religious community catalyses and motivates the reformation of others. The coercion of others to conform to one's own standards serves to cover up one's aberrations and ensures that the process of decay is neither exposed nor arrested. Sadly, today everyone is busy reforming and coercing everyone else, mainly because the zeal to reform people of other faiths is politically and materially profitable, whereas the mission to reform one's own community is fraught with personal risk and loss.

Let no one who cares for his religion ignore the witness of history. It was the blatant indulgence in cruelty and bloodshed in the name of Christ that spread cynicism about Christianity in the West and heralded the post-Christian culture. Today Hinduism may seem the goose that lays the golden egg into the political basket of some. But, in the cruel ironies germane to such situations, the goose in question stands in prospect of losing its life to the rapacity of its keepers. ●



'കൺവൻഷൻപ്രസംഗം പോലെ' എന്നൊരു പ്രയോഗം തന്നെ ഒരു ഉരുത്തിരിഞ്ഞിട്ടുണ്ട്. അതിന്റെ ശൈലിയിലുള്ള പ്രത്യേകതയാണ് അതിനു കാരണം. കൺവൻഷൻപ്രസംഗത്തിന്റെ വേഗത, താളം, ഘടകങ്ങൾ എന്നിവ വ്യത്യസ്തത പുലർത്തുന്നവയാണ്. പാട്ട്, കഥകൾ, വൈകാരികഭാവങ്ങൾ, അനുഭവവിവരണം, ആവേശഭരിതശബ്ദം ഇങ്ങനെ ഒരു പിടി കാര്യങ്ങൾ സാധാരണക്കാരന്റെ മനസ്സിനെ 'കണ്ടീഷൻ' ചെയ്തിരിക്കുന്നു. അതുകൊണ്ട് ഒരു 'കൺവൻഷനൽ' കൺവൻഷൻ രീതി ഇന്ന് പ്രചരിക്കപ്പെട്ടിരിക്കുന്നു. ഈ രീതി ഉൾക്കൊള്ളുന്ന പ്രസംഗങ്ങളായിരുന്നു റവ. മാർട്ടിൻ അൽഫോൺസിന്റേത്.

എന്നാൽ, എനിക്കിഷ്ടം റവ. വത്സൻ തമ്പുവിന്റെ പ്രസംഗങ്ങളായിരുന്നു. ആശയസംപുഷ്ടം, പണ്ഡിതോചിതം, മൗലികം, മാത്രമല്ല മുകളിൽ പറഞ്ഞ കാര്യങ്ങൾ കുറ്റമറ്റ രീതിയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു, തന്റെ പ്രസംഗങ്ങളിൽ. ഭാഷാന്തര പ്രസംഗങ്ങളിൽ അര മണിക്കൂർ പ്രസംഗം, അര മണിക്കൂർ ഭാഷാന്തരം എന്ന ക്രമത്തിലാകയാൽ വളരെ കുറച്ച് ആശയങ്ങൾ മാത്രം ലഭിക്കുന്നു. അതിൽ തന്നെ പപ്പായ, അത്തി, തേങ്ങ, മാങ്ങ ഇവകളുടെ വർണനയ്ക്ക് ഇരുപതു മിനിറ്റു പോകും. ബാക്കി എത്ര മിനിറ്റാണ് മൗലികമായ ആശയങ്ങൾ സംവേദിപ്പിക്കുവാൻ ലഭിക്കുക?! എന്നാൽ റവ. തമ്പുവിന്റേതുപോലുള്ള നല്ല പ്രസംഗങ്ങളിൽ ഒരു മണിക്കൂർ സമയം മുഴുവനും ആശയങ്ങളുടെ നിറവുള്ള, തനിമയുള്ള സന്ദേശം ശ്രവിക്കാം. സ്ഥിരമായി വന്നു പ്രസംഗിക്കുന്നവരെ കേൾക്കുമ്പോൾ ആവർത്തനവിരസത ഉണ്ടാകുന്നു. ആശയങ്ങളും വിവരണങ്ങളും അറിഞ്ഞോ അറിയാതെയോ ആവർത്തിക്കപ്പെടുന്നു. മഹാകൺവൻഷനു വരുന്ന പ്രസംഗകർ ചുറ്റുപാടുമുള്ള മറ്റു കൺവൻഷനുകളിൽ പ്രസംഗിക്കുന്നതുകൊണ്ട് കേൾവിക്കാർക്ക് പുതുമയോ അസാധാരണതയോ പലപ്പോഴും അനുഭവിക്കുവാൻ കഴിയുന്നില്ല. കാലികമായ വ്യതിയാനം പ്രസംഗരീതിയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ആളുകൾ വിദ്യാഭ്യാസവും വിവരവുമുള്ളവരും, സമയദുരിശമുള്ളവരുമാണ്. സംവേദനക്ഷമത കൂടിയിട്ടുമുണ്ട്. അതുകൊണ്ട് പഴയതിൽ നിന്നുള്ള ഉയർച്ച ആവശ്യമാണ്. ഒപ്പം, സാധാരണക്കാരെ ഉൾക്കൊള്ളുകയും വേണം. ഹൃദയസ്പർശിയായ പ്രസംഗം ജീവിതസ്പർശിയാണ്. ജീവിതത്തിന്റെ ദൈനംദിന താളക്രമത്തെ ദൈവസഹിതമായി നിലനിർത്തുവാൻ അവ സഹായകമായിരിക്കും. വൈകാരികഭാവം മാത്രമല്ല, പ്രായോഗികനിർദ്ദേശങ്ങളും പ്രസംഗത്തിന്റെ ഉൾക്കാമ്പിൽ ഉണ്ടായിരിക്കണം.

*റവ. തോമസ് ജോൺ, പട്ടമല, കൊട്ടാരക്കര*

■ ■



ഇക്കൊല്ലത്തെ മാരാമൺ കൺവൻഷൻ പ്രസംഗകർ ഭാരതീയരായിരുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്. ഭാരതീയ പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, മതബഹുലതയുടെ നടുവിൽ ക്രിസ്തീയസാക്ഷ്യം എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെ സംബന്ധിച്ച് ഇരുവരും വളരെ ശക്തമായ ദൂത് നൽകി. വ്യക്തിജീവിതത്തിലും, കുടുംബമൂല്യങ്ങളിലും സാമൂഹ്യപശ്ചാത്തലത്തിലും ക്രിസ്തുവിനെ പ്രായോഗികതലത്തിൽ എങ്ങനെ ഏറ്റുപറയാമെന്നു സവിസ്തരം പ്രതിപാദിക്കുന്ന പ്രസംഗപരമ്പരയായിരുന്നു മാർട്ടിൻ അൽഫോസിന്റേത്. ക്രിസ്ത്യാനികൾ ചില അവസരത്തിൽ മാത്രം ഫലം പുറപ്പെടുവിക്കുന്ന മാങ്ങാക്രിസ്ത്യാനികളായിരിക്കാതെ, അവസരത്തിലും അനവസരത്തിലും ഫലം പുറപ്പെടുവിക്കുന്ന തേങ്ങാക്രിസ്ത്യാനികൾ ആയിരിക്കണമെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ശക്തീകരണമായിരുന്നു. ഇന്നത്തെ സമൂഹത്തിലെ മൂല്യച്യുതി, ധാർമികാധഃപതനം ഇവ എടുത്തുകാട്ടി, യേശുക്രിസ്തുവിലൂടെ ലഭ്യമാകുന്ന പുതിയ മനുഷ്യത്വത്തിലേക്ക് ആഹ്വാനം ചെയ്യുന്ന പ്രഭാഷണങ്ങളായിരുന്നു വൽസൻ തമ്പുവിന്റേത്. പക്ഷവാതത്തിൽ നിന്നു പങ്കാളിത്തത്തിലേക്ക് എന്ന ആശയം ഇന്നത്തെ സഭയെ ആത്മീയപക്ഷവാതത്തിന്റെ ആലസ്യത്തിൽ നിന്നു വിമോചിപ്പിച്ച് ദൗത്യത്തിന്റെ പുതിയ മാനങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള ശക്തമായ ഒരാഹ്വാനമായിരുന്നു. ബൗദ്ധികതലത്തേക്കാൾ, വികാരതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതായിരുന്നു ഇരുവരുടെയും പ്രസംഗങ്ങൾ. ആധുനികസമൂഹത്തിനു വളരെ പ്രസക്തമായ സന്ദേശങ്ങളായിരുന്നു ഇരുവരുടേതുമെന്നത് തർക്കമറ്റ സംഗതിയാണ്. ഈ ദൂതുകൾ നമ്മുടെ ഹൃദയങ്ങളിൽ എല്ലായ്പോഴും മാറ്റൊലികൊള്ളുകയും ക്രിസ്തുവിലൂടെയുള്ള പുതിയ വഴിത്താരകളിലേക്കു നമ്മെ നയിക്കുകയും ചെയ്യട്ടെ.

*റവ. ഡോ. കെ. വി. സൈമൺ, പാമ്പാടി*

■ ■



ഇക്കൊല്ലത്തെ മാരാമൺ കൺവഷനിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രസംഗങ്ങൾ റവ. വത്സൻ തമ്പുവിന്റേതായിരുന്നു; പ്രത്യേകിച്ച്, ഞായറാഴ്ച രാവിലത്തെ പ്രസംഗം. ആ ഒരൊറ്റ പ്രസംഗത്തിൽ അനേകം പ്രസംഗങ്ങളടങ്ങിയിരുന്നു. അത്ര ആഴമേറിയതും അർത്ഥസമ്പൂർണവുമായിരുന്നു അത്. യോഹന്നാൻ 15:1 -5 അടിസ്ഥാനമാക്കി ചെയ്ത പ്രസംഗം നോക്കുക. "മോശ കത്തുന്ന മുൾപ്പടർപ്പു കണ്ടത് മോശയുടെ ഹൃദയത്തിൽ നേരത്തെ തന്നെ തീ കത്തിയിരുന്നതുകൊണ്ടാണ്. നമ്മുടെ അകവും പുറവും തമ്മിലുള്ള വ്യത്യാസം - മുന്തിരിവള്ളിയിൽ വസിക്കുമ്പോൾ ഭക്ഷണമുണ്ടാക്കാൻ കൊമ്പിനെ സഹായിക്കുന്ന സൂര്യപ്രകാശം തന്നെയാണ് മുന്തിരിവള്ളിയിൽ നിന്നു വേർപെട്ടുകഴിയുമ്പോൾ കൊമ്പിനെ ഉണക്കുന്നത്. മുന്തിരിവള്ളിയുമായുള്ള ബന്ധത്തിൽ നിന്നു കൊമ്പു മുറിഞ്ഞുപോകുമ്പോഴാണ് ദൈവം "ഉഗ്രകോപം" ആണെന്ന് യുവജനങ്ങൾ ചിന്തിക്കുന്നത്- വൃക്ഷത്തിന്റെ ഫലം മറ്റുള്ളവർക്കാണ്. ഒരു വൃക്ഷവും അതിന്റെ ഫലം തിന്നാറില്ല. മനുഷ്യരെ പിടിക്കുവാൻ നിയോഗിക്കപ്പെട്ട നാം മത്സ്യത്തെ പിടിച്ചുകൊണ്ടിരിക്കുകയാണ്. ദൈവവചനം ഉപയോഗിച്ച് ഉപജീവനം കണ്ടെത്തുക മാത്രമല്ല, വാരിക്കൂട്ടുകയുമാണ്. നാം വിശുദ്ധി ആഗ്രഹിക്കുന്നില്ലെങ്കിൽ നമുക്ക് ഒരിക്കലും കാതലായ ഒരു മാറ്റത്തിലേക്കു വരാൻ സാദ്ധ്യമല്ല. നമ്മുടെ ഹൃദയങ്ങൾ കത്തിയെരിയണം - ചലനം സൃഷ്ടിക്കുന്ന ആത്മീകതയാണാവശ്യം."

റവ. മാർട്ടിൻ അൽഫോൺസിന്റെ പ്രസംഗം നല്ലതായിരുന്നു. പക്ഷേ stereotype ആയിതോന്നി. എന്നാൽ ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പ്രസംഗം കേട്ടപ്പോഴാണ് അതിന്റെ പൊള്ളത്തരം മനസ്സിലായത്. യഥാർത്ഥമായ അനുഭവങ്ങളില്ലാതെ, കൃത്രിമമായ പഴഞ്ചൻകഥകൾകൊണ്ട് ജീവന്റെ വചനം നുറുക്കിക്കൊടുപ്പാൻ ആർക്കും സാദ്ധ്യമല്ല. കൺവൻഷനുകൾ ജനങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല. അത് സംഘാടകർക്കും, പ്രസംഗകർക്കുതന്നെയും ജീവിതരൂപാന്തരത്തിന് മുഖാന്തിരമായി തീരണം. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രേരണയും ഇല്ലാതെ ഒരു സുവിശേഷപ്രസംഗവും ഫലവത്താകയില്ല. ഏതൊരു പ്രസംഗകനും തന്റെ പ്രഭാഷണം ഏറ്റവും ഭംഗിയായി തയാറാക്കാം; അതിന്റെ സാങ്കേതികത്വം പരിപൂർണതയിലെത്തിക്കാം. പക്ഷേ, പ്രാർത്ഥനയും വിനയവും പരിശുദ്ധാത്മസഹായവും ഇല്ലാതെ ഫലപ്രദമായ

അവതരണം സാദ്ധ്യമല്ല. പരിശുദ്ധാത്മശക്തിയാണ് ഒരു പ്രസംഗത്തെ ഫലപ്രാപ്തിയിലെത്തിക്കുന്നത്. കേൾവിക്കാരൻെറ ഹൃദയവും നനവുള്ളതായിരിക്കണം. എങ്കിൽ മാത്രമേ, ഒരു പുതിയ രൂപത്തിലും ഭാവത്തിലും ദൈവത്തിന് നമ്മെ രൂപാന്തരപ്പെടുത്തുവാൻ സാധിക്കൂ. പ്രസംഗം തുടങ്ങുമ്പോൾ മുതൽ ഉറങ്ങുന്നവരെയോ, ചിന്താമണ്ഡലത്തിൽ അലഞ്ഞുതിരിയുന്നവരെയോ, ഒരു വ്യത്യാസം വരണമെന്ന് ആത്മാർത്ഥമായി വാഞ്ഛിക്കാത്തവരെയോ ദൈവത്തിനു രൂപാന്തരപ്പെടുത്തുവാൻ സാദ്ധ്യമല്ല. കഴിഞ്ഞകാലങ്ങളിൽ പരിശുദ്ധാത്മ നിറവിൽ പ്രസംഗിച്ച ആളുകളുണ്ട്. ഇന്ന് ഒച്ചയും ബഹളവുമൊക്കെയുണ്ട് പലർക്കും; പക്ഷേ ദൈവാത്മാവില്ല. എങ്കിലും, പുതിയ ആളുകളെ ദൈവം എഴുന്നേല്പിച്ചുകൊണ്ടിരിക്കുന്നു.

*പ്രൊഫ. അന്നാ വർഗീസ്, മാവേലിക്കര*

■ ■



**വ**ചനഘോഷണം വിവിധ രീതിയിലുണ്ട് - Textual (വാക്യത്തെ ആധാരമാക്കി), Contextual (സന്ദർഭത്തെ അടിസ്ഥാനമാക്കി), Topical - (വിഷയത്തെ ആസ്പദമാക്കി) എന്നിങ്ങനെ. അതുകൊണ്ട് ഒരാളുടെ പ്രസംഗം വിലയിരുത്തുക അത്ര എളുപ്പമല്ല. മാരാമൺ മഹായോഗങ്ങളിൽ നാനാതരത്തിലുള്ള ആളുകൾ സംബന്ധിക്കുന്നതിനാൽ, ഒരു പ്രസംഗകനും എല്ലാവരെയും തൃപ്തിപ്പെടുത്തി പ്രസംഗിക്കുക സാദ്ധ്യമല്ല. റവ. ഡോ. വത്സൻ തമ്പുവിൻെറ സമീപനരീതി എനിക്ക് കൂടുതൽ ഇഷ്ടമായി. കൺവൻഷൻ എന്ന ആംഗലേയ പദത്തിൻെറ രണ്ട് അർത്ഥങ്ങൾ വിശദീകരിച്ചു. ഇതു ഒരു പതിവു അല്ല, ദൈവത്തിൻെറ വലിയ ആഹ്വാനമാണ് എന്നുള്ളത്. അതേ തുടർന്നുള്ള ലളിതമായ അവതരണം. ചിലകാര്യങ്ങൾ വിശദീകരിക്കാനാണെങ്കിലും ദൈവത്തിൻെറ ശിശുക്കളുടെ അവ്യക്തമായ ശബ്ദങ്ങളാണ് അന്യഭാഷ എന്നു റവ. തമ്പു സന്ദർഭവശാൽ പറഞ്ഞതിനോടു യോജിക്കാൻ പ്രയാസം. റവ. ഡോ. മാർട്ടിൻ അൽഫോൻസിൻെറ പ്രത്യേകതകൾ:- നല്ല ശബ്ദഗാംഭീര്യം, ലളിതമായ അവതരണം, നിർമല സുവിശേഷം. യേശുക്രിസ്തു ശിഷ്യന്മാരോടു ചോദിച്ച ചോദ്യങ്ങൾ - ജനങ്ങൾ എന്നെ ആരെന്നു പറയുന്നു. നിങ്ങളെന്നെ ആരെന്നു പറയുന്നു-ഇതിൻെറ വിവിധവശങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള പ്രഭാഷണം വളരെ പ്രയോജനകരമായിരുന്നു. ആരു വചനം പ്രസംഗിച്ചാലും, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കും.

*റവ. മാത്യു പി. ജേക്കബ്, കറ്റാനം*

■ ■



**ഈ** **വർഷത്തെ** മാരാമൺ **കൺവൻഷനിലെ** ഏതാനും പ്രസംഗങ്ങൾ കേട്ടതിൻെറ **വെളിച്ചത്തിലുള്ള** ഒരു **വിലയിരുത്തൽ മാത്രമാണി**ത്. പ്രസംഗങ്ങൾ **ആശയസമ്പുഷ്ടമാ**യിരുന്നു, നല്ല ഭാഷയും. **തമ്പു അച്ചൻെറ മലയാളം, പാതിരിമലയാളത്തിൻെറ പിടിയിൽ നിന്നു ഏറെ സ്വതന്ത്രമായിരുന്നു. ആശയങ്ങൾ സംവേദനം ചെയ്യുന്നതിൽ** ഇരുവരും - **വിശേഷിച്ച്, ഡോ. അൽ**ഫോൻസ് - വിജയിച്ചു. തമ്പു അച്ചൻെറ പ്രസംഗങ്ങൾക്ക് കുറച്ചുകൂടി ലളിതവും ശക്തവുമായ ഘടനയുണ്ടാകണം. നല്ല ചിന്തകളും വാചകങ്ങളും ചിലപ്പോഴെങ്കിലും പ്രസംഗത്തിൻെറ മുഖ്യചിന്താധാരയിൽ നിന്ന് അന്യപ്പെട്ടു നിന്നു. അതിനാൽ പ്രസംഗം സംക്ഷേപിച്ച് മനസ്സിൽ സൂക്ഷിക്കുവാൻ, അല്ലെങ്കിൽ, മറ്റൊരാളോടു പറയുവാൻ കഴിയുന്നില്ല. പ്രസംഗം കുറിച്ചെടുക്കുന്നവർക്ക് ഈ വൈഷമ്യം വ്യക്തമായി അനുഭവപ്പെടും. സാമൂഹിക, രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ അച്ചൻെറ പ്രസംഗങ്ങളാണ് താരതമ്യേന കൂടുതൽ സ്പർശിച്ചത്. ആളത്വം രൂപാന്തരപ്പെടുവാൻ മൂല്യബോധത്തിലുള്ള സമൂലമായ മാറ്റം വ്യക്തികളിലുണ്ടാകണം. അതിനായി വെല്ലുവിളിക്കുന്ന ശക്തമായ പ്രഭാഷണങ്ങളാണാവശ്യം. വലിയ ജനസമൂഹത്തിന്മേൽ **മലവെള്ളപ്പാച്ചിൽ പോലെ കുത്തിയൊലിച്ചു പോകുന്ന കൺവൻഷൻ പ്രസംഗങ്ങൾ കേരളത്തി**ലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇന്ന് അപ്രസക്തവും ഫലരഹിതവുമാണെന്നാണ് എൻെറ അഭിപ്രായം.

*റവ. ജോളി തോമസ്, കോയമ്പത്തൂർ*

■ ■



**മാ**രാമൺ കൺവഷനിൽ എനിക്കിഷ്ടപ്പെട്ട ഏറ്റവും നല്ല പ്രസംഗം റവ. മാർട്ടിൻ അൽഫോൻസിൻേറതായിരുന്നു. കാരണം, കൺവൻഷൻ പ്രസംഗത്തിൽ ഊന്നൽ കൊടുക്കേണ്ട അഞ്ചു കാര്യങ്ങളുണ്ട്:- വിഷയത്തിൻെറ തിരഞ്ഞെടുപ്പ്, അതിനോടുള്ള സമീപനം, ഉള്ളടക്കം, ശക്തീകരണം, ആഹ്വാനം. ഇവയിൽ മാർട്ടിൻ അൽഫോൻസ് വിജയിച്ചു. ഉദാഹരണമായി, അദ്ദേഹത്തിൻെറ അവസാന പ്രസംഗം. വ്യക്തിയുടെ രൂപാന്തരം ലോകത്തെ രൂപാന്തരപ്പെടുത്തുന്നു. ക്രൂശിൻെറ ശക്തി, പരിശുദ്ധാത്മശക്തി, വിശ്വാസത്തിൻെറ ശക്തി. ക്രിസ്ത്യാനി ഒരു സാധാരണ മനുഷ്യനല്ല; ഉയരാൻ, പറക്കാൻ, രൂപാന്തരപ്പെടുത്താൻ കഴിവുള്ളവനാണ്. കൺവൻഷൻ പ്രസംഗങ്ങളെ വിലയിരുത്തമ്പോൾ അടിസ്ഥാനപരമായ ഒരു അഭിപ്രായം രേഖപ്പെടുത്താനുണ്ട്. പള്ളികളിൽ സാധാരണ പറയുന്ന പ്രസംഗങ്ങളിൽ നിന്ന് വിഭിന്നമായിക്കണം കൺവൻഷൻ പ്രസംഗങ്ങൾ. പള്ളിയിൽ ആരാധനയ്ക്കു വരുന്ന ആൾക്കൂട്ടം ഒരേ വിഭാഗത്തിൽപ്പെടുന്ന ആളുകൾ മാത്രമാണ്. കൺവൻഷനിൽ എല്ലാ ക്രിസ്തീയ വിഭാഗങ്ങളിലുംപെട്ട വിശ്വാസികളും ക്രിസ്തേതര സ്നേഹിതരുടെ കൂട്ടവും ഉണ്ട്. എല്ലാവരേയും പോഷിപ്പിക്കാൻ ഉതകുന്ന തരത്തിലായിരിക്കണം കൺവൻഷൻ പ്രസംഗങ്ങൾ. കൺവൻഷൻ കമ്മിറ്റി തിയതി നിശ്ചയിച്ച് പ്രസംഗകരെ കണ്ടുപിടിക്കുന്ന പതിവുരീതിക്ക് അല്പം മാറ്റം വരുത്തി, കാലേകൂട്ടി ആത്മികജ്ഞാനമുള്ള ഒരു ഗ്രൂപ്പു പ്രാർത്ഥിക്കുകയും ആ വർഷത്തെ ശക്തീകരണം എന്തിനായിരിക്കണമെന്നാലോചിച്ച് പ്രധാന പ്രസംഗകരെ അതു ധരിപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

*റവ. കെ. ഐ. മത്തായി, വെണ്ണിക്കുളം*

■ ■

**ഈ** വർഷത്തെ മാരാമൺ കൺവൻഷനിൽ കേട്ട ശ്രദ്ധേയമായ പ്രസംഗം വൽസൻ തമ്പു അച്ചന്റേതായിരുന്നു. മിക്ക കൺവൻഷൻ പ്രസംഗകർക്കും പൊതുവായ ഒരു പ്രസംഗശൈലിയുണ്ട്. ഈ ശൈലി അനുകരിക്കാതെ തനതായ ഒരു തിരുവചനപഠനരീതി അവതരിപ്പിച്ചുവെന്നതാണ് വൽസൻ തമ്പു അച്ചന്റെ പ്രത്യേകത. ഇതിനു പല മാനങ്ങളുണ്ട്. (1) തിരുവചനപഠനം മനുഷ്യ 'ഹൃദയങ്ങളിൽ മാത്രം' പരിവർത്തിക്കുന്ന ഒന്നായിട്ടല്ല അദ്ദേഹം അവതരിപ്പിക്കുന്നത്. അതിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മാനങ്ങളെ നിർവചിച്ച് ദൂതിന് സമഗ്രത നൽകാനുള്ള അച്ചന്റെ കഴിവ് പ്രശംസനീയമാണ്. (2) അച്ചന്റെ പ്രഭാഷണം ആശയസമൃദ്ധമാണ്. അദ്ദേഹം അവലംബിക്കുന്ന വ്യാഖ്യാനരീതി വേദപുസ്തകത്തിന്റെ ആന്തരിക സത്യത്തെ കണ്ടെത്താൻ ശ്രോതാക്കളെ പ്രാപ്തരാക്കുന്നു. പ്രഭാഷണം ആദിയോടന്തം പരസ്പരബന്ധിതമാണ്. (3) ആശയപ്രകാശനത്തിൽ അദ്ദേഹമുപയോഗിക്കുന്ന multi disciplinary approach കൺവൻഷൻ പ്രസംഗവേദിയിലെ ഒരു വ്യത്യസ്ത അനുഭവമാണ്. കൺവൻഷൻ പ്രസംഗങ്ങൾക്കു ഒരു പുതിയ ഉള്ളടക്കവും ദിശാബോധവും ലഭിക്കാൻ അച്ചന്റെ ശൈലി സഹായകമാണ്.

തിരുവചനപഠനത്തിനുള്ള ഫലപ്രദമായ വേദികളിലൊന്നാണ് നമ്മു ⇨



# ഹൃദ്രോഗം

ഡോ. മെറീന രാജൻ ജോസഫ്, കോലഞ്ചേരി

കഴിഞ്ഞ ലക്കത്തിൽ, ഹൃദ്രോഗത്തിൻെറ മുഖ്യകാരണമായ കൊളസ്ട്രോളിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നുവല്ലോ. രക്തക്കുഴലുകളിൽ കൊഴുപ്പ് അടിയുന്നതുകൊണ്ടു മാത്രമാണോ ഹൃദ്രോഗം വരുന്നത്? തീർച്ചയായുമല്ല. മറ്റു പല കാരണങ്ങളുമുണ്ട്. ഉദാഹരണം : കടുത്ത മാനസിക സമ്മർദ്ദം, പുകയിലയുടെ ഉപയോഗം, ജനിതക സാദ്ധ്യത തുടങ്ങിയവ. കൊഴുപ്പ് അടിയുന്നത് അതിൽ ഒന്ന് മാത്രമാണ്.

*വ്യായാമം ശീലമാകുമ്പോൾ രക്തക്കുഴലുകളിൽ അടിഞ്ഞുകൂടിയ കൊഴുപ്പ് എങ്ങനെയാണ് മാറുന്നത്?*

ജീവനുള്ള ശരീരം എപ്പോഴും ചനത്മാകമായ സന്തുലിതാവസ്ഥയിലാണ്. ഒരു വസ്തുവും ശരീരത്തിൽ മാറ്റമില്ലാതെയിരിക്കുന്നില്ല. വ്യായാമപ്രക്രിയ നടക്കുമ്പോൾ രക്തചംക്രമണത്തിൻെറ വേഗത വർദ്ധിക്കും. രക്തത്തിലെ കൊഴുപ്പിൻെറ ഉപയോഗവും കൂടും. അങ്ങനെ അളവ് കുറയുകയും ചെയ്യും. അപ്പോൾ താരതമ്യേന കൊഴുപ്പ് കൂടുതലുള്ള ഇടങ്ങളിൽ നിന്ന് അത് രക്തത്തിലേക്ക് കലർന്നു തുടങ്ങും. തുടർച്ചയായ വ്യായാമത്തിലൂടെ അനേക നാളുകൾകൊണ്ട് അടിഞ്ഞുകൂടിയത് പൂർണമായും ഇല്ലാതെയാകും. വ്യായാമം തുടരുകയും ഭക്ഷണം നിയന്ത്രണത്തിൽ തുടരുകയും ചെയ്യുമ്പോൾ ഈ അവസ്ഥ നിലനിർത്താനാകും.

*ഹൃദ്രോഗവും മാനസികസമ്മർദ്ദവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?*

ശരീരത്തിൻെറ പ്രവർത്തനങ്ങളെല്ലാം തന്നെ മനസ്സിൻെറ നിയന്ത്രണത്തിലാണ്. മാനസിക സമ്മർദ്ദം രക്തക്കുഴലുകളുടെ വ്യാസം ചുരുങ്ങുന്നതിനും ഹൃദയമിടിപ്പിൻെറ വേഗത കൂടുന്നതിനും തദ്വാരാ രക്തസമ്മർദ്ദം വർദ്ധിക്കുന്നതിനും കാരണമാകുന്നു. ദീർഘകാലം ഈ സമ്മർദ്ദം അനുഭവപ്പെടുമ്പോൾ അത് ഹൃദയത്തിൻെറ പ്രവർത്തനശേഷിയും കുറയ്ക്കുന്നു. ഹൃദ്രോഗം പ്രത്യക്ഷപ്പെടുമ്പോൾ അത് തിരിച്ചും മാനസിക സമ്മർദ്ദം വർദ്ധിപ്പിക്കും അങ്ങനെ ഇത് ഒരു വിഷമവൃത്തമാണ്.

*ഹൃദ്രോഗം എങ്ങനെ നിയന്ത്രണാധീനമാക്കാം?*

ഒന്നാമതായി, ഹൃദ്രോഗകാരണങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം ഈ സമൂഹത്തിന് മൊത്തമായും ഉണ്ടാക്കിയെടുക്കുക. പഠനക്ലാസ്സുകളും ചർച്ചകളും മുഖേന ഇത് ഒരു ചലനാത്മക അറിവായി വളർത്തുക.

രണ്ടാമത്, ഓരോരുത്തർക്കും ബാധകമായ കാര്യങ്ങളിൽ ശ്രദ്ധ നൽകി സ്വയം ഹൃദ്രോഗ നിയന്ത്രണപ്രവർത്തനം ശീലിക്കുക. ഉദാ: പുകവലി നിർത്തുക, വ്യായാമം ശീലിക്കുക, ഭക്ഷണരീതി മാറ്റുക മുതലായവ.

മൂന്നാമത്, അനാവശ്യഭയം ഒഴിവാക്കുക. മാനസിക സമ്മർദ്ദം നിയന്ത്രിക്കുന്നതിന് ഇതു വളരെ ആവശ്യമാണ്. അത്യന്തികമായി നാമെല്ലാം ഭയപ്പെടുന്നത് വേദനയും മരണവും ആണ്. ഇന്ന് ലഭ്യമായ ഒരു സാങ്കേതിക വിദ്യയും മരണം തടയുന്നില്ല. അതിനാൽ മരണത്തെ ഭയപ്പെടാതെ അംഗീകരിക്കുക. നാം എന്തിനെ ഭയപ്പെടുന്നുവോ അതുതന്നെ നമുക്ക് ഭവിക്കുമെന്നത് ഒരു സത്യമാണ്. അ തിനാൽ, ഭയമില്ലാത്ത ജീവിതം ഉണ്ടാകണം.

നാലാമത്, ചലനാത്മകമായ ഈ ലോകത്തിൽ അറിവും ചലനാത്മകമാണ്. പുതിയ അറിവുകളെ ഉൾക്കൊള്ളുകയെന്നത് ഭയമില്ലാതെ ജീവിക്കാൻ ആവശ്യമാണ്, സഹായകവുമാണ്.

*ഈദൃശപ്രവർത്തനങ്ങൾകൊണ്ട് ഹൃദ്രോഗം എത്രമാത്രം തടയാൻ സാധിക്കും?*

രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഫലം രണ്ടു തലത്തിൽ ലഭ്യമാകും.

ഒന്നാമത്, വ്യക്തിതലത്തിൽ ഓരോ വ്യക്തിയുടെയും രോഗനിയന്ത്രണ നടപടികളുടെ ഫലം അയാൾക്ക് തീർച്ചയായും ഉടൻ തന്നെ ലഭ്യമാകും.

രണ്ടാമത്, രോഗനിയന്ത്രണ പ്രവർത്തനങ്ങൾകൊണ്ട് സാമൂഹ്യതലത്തിൽ ഉണ്ടാവുന്ന നേട്ടമാണ്. ആരോഗ്യകരമായ ജീവിതരീതിയുള്ള ഒരു പറ്റം ആളുകൾ ഉണ്ടായിക്കഴിയുമ്പോൾ രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഫലം സമൂഹത്തിൽ ദൃശ്യമാകും.

സാമൂഹികവും ദേശീയവുമായ തലത്തിൽ ഈദൃശ നിയന്ത്രണപ്രവർത്തനങ്ങളുടെ ഫലം ദൃശ്യമാകാൻ പലപ്പോഴും ഏതാനും വർഷങ്ങൾ തന്നെ വേണ്ടിവരും.

ഒരു ദേശത്തിൻെറ ആഹാരരീതിയും ജീവിതരീതിയും അതാത് കാലാവസ്ഥയ്ക്കനുസരണമായി ഉരുത്തിരിഞ്ഞ് വന്നതായിരിക്കും. ആശയവിനിമയ സൗകര്യങ്ങളും യാത്രാസൗകര്യങ്ങളും വളരെ വേഗതയാർജ്ജിച്ച ഈ കാലഘട്ടത്തിൽ പല ദേശത്തെ സംസ്കാരങ്ങൾ തമ്മിലുള്ള ബന്ധപ്പെടൽ വേഗത്തിലുണ്ടാകുന്നു. അപ്പോൾ വളരെ വേഗം ഭക്ഷണരീതികൾ മാറും. ഈ മാറ്റങ്ങൾ മൂലം ആരോഗ്യ സംബന്ധമായി ഉണ്ടാവുന്ന പ്രതിഫലനങ്ങൾ തിരിച്ചറിയാൻ ഏറെ സമയം എടുക്കും.

*ആരോഗ്യകരമായ ഭക്ഷണരീതി ഏതാണെന്ന് എങ്ങനെയറിയാം?*

പൊതുവായി പറയാവുന്ന ഒരു നിർദ്ദേശം, നാം ഏതു പ്രദേശത്തെ ജീവിക്കുന്നുവോ ആ പ്രദേശത്തെ ഏറ്റവും പ്രചാരത്തിലുള്ളതും പഴക്കം ചെന്നതുമായ ഭക്ഷണരീതിയാണ് നാം സ്വീകരിക്കേണ്ടത്.

നമ്മുടേതല്ലാത്ത ഭക്ഷണരീതി നാം സ്വീകരിക്കുമ്പോൾ അത് ഏത് സമൂഹത്തിൻെറയാണോ അവരുടെ അദ്ധ്വാനരീതി നാം സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ആരോഗ്യസംബന്ധമായി ദൂരവ്യാപകമായ പ്രതികരണങ്ങളുണ്ടാകും.

എല്ലാ ഭക്ഷ്യവസ്തുക്കളും അതിൽ തന്നെ നല്ലതാണ്. അന്നജവും കൊഴുപ്പും പ്രോട്ടീനും വിറ്റാമിനും ധാതുക്കളുമെല്ലാം സന്തുലിതമായ അളവിൽ ഭക്ഷണം ശീലിക്കണം. ഓരോ നേരത്തേയും ഭക്ഷണം സന്തുലിതമാക്കുക ⇨

---

ടെ കൺവൻഷനുകൾ. എന്നാൽ ഈ അവസരം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. പലപ്പോഴും പ്രസംഗകരുടെ ഒരു 'പ്രകടന' വേദിയായി തീരുകയാണു ചെയ്യുന്നത്. വിശ്വാസത്തെ ജീവിതത്തിന്റെ ഒരു കോണിൽ ഒതുക്കിനിർത്തുകയും ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളും ഭൗതികലോകത്തിന്റെ ഇംഗിതത്തിനു വിട്ടുകൊടുക്കുകയും ചെയ്യുന്ന വിശ്വാസവിരുദ്ധതയാണിന്ന് ശക്തിയാർജിക്കുന്നത്. നാം വിശ്വാസമെന്ന് കരുതുന്നതിൽ കലർന്നിരിക്കുന്ന ഇത്തരം വിശ്വാസവിരുദ്ധതയെ കാണുവാൻ കഴിയാത്തവിധം നമ്മിൽ കൂടികൊള്ളുന്ന ചിന്താപരമായ അന്ധത വളരെ വലുതാണ്. ഈ അന്ധതയെ നിലനിർത്തുന്ന സ്വാർത്ഥപരമായ ആത്മിക ചട്ടക്കൂടിനെയാണ് കൺവൻഷൻ പ്രസംഗകർ വെല്ലുവിളിക്കേണ്ടത്.

*റവ. ഉമ്മൻ വി. വർക്കി, മാങ്ങാനം* ●

ന്യൂ വിഷൻ ഫോർ എ ചേഞ്ചിങ് വേൾഡ്

# The Trinity



The Church is one of the places where people with different talents, character, social background etc. unite in the name of God. The Christian Church is the representation of God in this world. God is present in the communion of people in the church and in the sacraments of the church. The Church today is global and its mission is to its own culture and society. Dietrich Bonhoeffer reflected this as the "Worldly Christianity", "Christianity means community through Jesus Christ and in Jesus Christ." This mission of the Church is one of proclamations of God to the whole world.

Article one of the Christian faith, "I believe in God, the Father Almighty, Creator of Heaven and Earth" may not be objectionable to many. The first person of the Trinity is an important part of the Christian understanding of the divine God. In the doctrine of Trinity, God himself is revealed in Jesus Christ. God is self revealed as the Father (Creator?), the Son (Redeemer?) and the Spirit (Sanctifier?). Jewish and Islamic faiths also believe in one God. "God, the God of Jews only? Is he not the God of Gentiles too? Yes, of Gentiles too." (Romans 3: 29) God is the creator of everything in heaven and on earth.

Article two of the Christian faith says: "I believe in Jesus Christ, God's only son, our Lord." Jesus Christ is God Himself who came down from heaven because of God's love towards His creation. The reason why Christianity moved away from Jewish faith was the question of Jesus as God. Judaism could not accept the fact that Jesus was the fulfilment of Jewish faith. Even though many religions accept Jesus as a prophet and believe in his miracles, they cannot accept him as the son of God. Nobody expected that a king, ruler and saviour would arrive in this world as Jesus did. The life and teachings of Jesus were also questioned from the beginning. His teaching was against the belief of the establishment. Some could not ignore his divine entity but they feared their power and position. The result was the crucifixion of the son of God, as was prophesied.

Article three of the Christian faith: I believe in the Holy Spirit, the Holy Catholic Church, the Communion of Saints." The foundation and the unity of the Christian Church is through the inspiration of the Holy Spirit. Those in the Charismatic Movements are not the only ones who experience God's Spirit. The Holy Spirit is not merely a private experience or limited to isolated groups. The presence of the Holy Spirit in 'baptism' and 'speaking in tongues' is also not understood properly by the Christian denominations. The pouring out of the Spirit in baptism is not a one time even but an ongoing experience in the life of the baptized. The action of the Spirit does not flee from the world, but overcomes the world, delivering and renewing life. The Spirit is not necessarily bound with the goit of speaking in tongues. "Unless you speak intelligible words with your tongue, how will anyone know what you are saying? You will just be speaking into the air "(Acts 14:9), The Spirit works to save the world from the greed of its people in destroying Nature by chemicalization of agriculture, pollution of air, water, and environment, and from massive destruction by nuclear power, "The Lord is the Spirit, and where the Spirit of the Lord is, there is freedom" (2 Co 3:17). The Holy Spirit is thus certainly to be understood as a public person working for the benefit of social welfare.

The method of seeking God is different in every religion. The Islamic mosque has many resemblance with a Christian church. The Muslims also believe in one God. They also believe in Jesus, but only as a prophet. Christian and Islamic faiths are divided in their path toward God but united in their goal. When the human creations of God cannot find harmony and unity among religions, it leads to violence. Many atrocities in history were committed in the name of God. How can one justify violence and terrorism in the name of God?. It is important that we should live in this world in harmony with other religions. No religion is for violence, terrorism, war and the like. As human beings and as religious people, we should all condemn violence. In Christianity we see a loving God. God asks us to love one another. Then we will be able to understand the God we are searching for. We may be different but we are united in God. "So in Christ we who are many form one body, and each member belongs to all others. (Romans 12:5)

*Mathew Idicula, Chicago*

---

എന്നത് ശ്രമകരമാണ്. എന്നാൽ ഏകദേശം ഒരാഴ്ച കഴിക്കുന്ന ആഹാരം സന്തുലിതമായിരിക്കണമെന്നു നിഷ്കർഷിക്കാവുന്നതാണ്.

***നിയന്ത്രിത അളവിൽ മദ്യം കഴിക്കുന്നത് ഹൃദ്രോഗം തടയുന്നതിന് നല്ലതാണെന്നു കേൾക്കുന്നത് ശരിയാണോ?***

നിയന്ത്രിതമായ അളവിൽ എല്ലാ ഭക്ഷ്യവസ്തുക്കളും നല്ലതാണ്. മദ്യം ഒരു ഭക്ഷ്യവസ്തുവായി കണക്കാക്കിയാൽ നിയന്ത്രിതമായി ഉപയോഗിക്കാം. എന്നാൽ നിയന്ത്രിതം എന്നു പറയുമ്പോൾ വളരെ കൃത്യമായി നിർവചിക്കേണ്ടിയിരിക്കുന്നു. ഇതു സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനങ്ങളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഒരാഴ്ചയിൽ സേവിക്കാവുന്ന മദ്യത്തിന്റെ അളവ് ഒരു കുപ്പി ബിയറിൽ ഉണ്ടായിരിക്കുന്നതിലും കുറവാണ്. പല ആളുകളും മദ്യം ഹൃദ്രോഗം തടയുന്നതിനു നല്ലതാണെന്ന് പറഞ്ഞു സേവിക്കുന്നത് വളരെ കൂടുതലാണ്. മാത്രവുമല്ല, മദ്യത്തെക്കുറിച്ച് പറയുമ്പോൾ ഓർക്കേണ്ട മറ്റൊരു വസ്തുത, ഹൃദ്രോഗം തടയാൻ ചെറിയ അളവിൽ ഉപകരിക്കുമെങ്കിലും മറ്റനേകം രോഗങ്ങൾക്കു കാരണമാകാമെന്നുള്ളതാണ്. ചുരുക്കത്തിൽ, സന്തുഷ്ടമായ മനസ്സും സന്തുലിതമായ ആഹാരരീതികളും വ്യായാമവുമാണ് ആരോഗ്യകരമായ ജീവിതത്തിന്റെ കാതൽ. ●

# "ദന്തസംരക്ഷണത്തിന് ഫ്ളൂറൈഡ്"



പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്

എന്റെ പേര് 'ഫ്ളൂറൈഡ്'. എന്നെ രുചിച്ചു നോക്കാത്തവർ ചുരുക്കം. രാവിലെ എഴുന്നേറ്റ് പല്ല് തേയ്ക്കാൻ നിങ്ങൾ ഒരു കാലത്ത് ഉപയോഗിച്ചിരുന്ന പെയ്സ്റ്റിൽ ഞാനുണ്ടായിരുന്നു. നാലഞ്ചു വർഷം മുമ്പ് വരെ ഞാനില്ലാതെ ടൂത്ത് പെയ്സ്റ്റു മാർക്കറ്റ് ചെയ്താൽ ആ ബ്രാൻഡ് പൊളിഞ്ഞത് തന്നെ. പെയ്സ്റ്റും ചെലവാകണമെങ്കിൽ ഞാനുണ്ടായേ തീരൂ എന്നായിരുന്നു സ്ഥിതി. പല്ലിന് പോടുണ്ടാകാതെ ആരോഗ്യത്തോടെ കഴിയണമെങ്കിൽ അല്പം ഫ്ളൂറൈഡ് ഉള്ള ടൂത്ത് പെയ്സ്റ്റ് ഉപയോഗിക്കുന്നത് നല്ലതാണെന്ന അമേരിക്കൻ ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തമാണ് എന്നെ മാന്യനാക്കിയത്. അസ്ഥികൾക്കും പല്ലിനും ചെറിയ തോതിൽ എന്റെ സാന്നിദ്ധ്യം ഗുണം ചെയ്യുമെന്നുവരെ പ്രചാരമുണ്ടായി. അതുകൊണ്ടാണ്, കുടിവെള്ളത്തിൽ ചെറിയ തോതിൽ 'ഫ്ളൂറൈഡ്' കലർത്തിവിടുന്ന 'ഫ്ളൂറിഡേഷൻ പരിപാടിക്ക്' ഇസ്രയേലിലെയും അമേരിക്കയിലെയും കുടിവെള്ള വിതരണ കമ്പനികൾ ശ്രമിച്ചതു തന്നെ.

മൂലകങ്ങളുടെ കൂട്ടത്തിൽ ഞാനല്പം പ്രശ്നക്കാരനാണ്. വിഷവാതകമാണ്. എന്നെ കണ്ടാൽ അങ്ങനെ തോന്നുകയില്ല. വലിപ്പത്തിൽ തീരെ ചെറുത്. പക്ഷേ കാര്യശേഷിയിൽ എന്റെ സഹപ്രവർത്തകരേക്കാൾ വേഗത എനിക്കാണ്. ആരുമായും പെട്ടെന്നു ബന്ധം സൃഷ്ടിക്കും. മൂലകാവസ്ഥയിൽ എന്റെ പേര് ഫ്ളൂറിൻ എന്നാണ്. ഈയവസ്ഥയിൽ എന്നെ കണ്ടുമുട്ടാൻ പ്രയാസമാണ്. മറ്റാരെങ്കിലുമായി ബന്ധപ്പെട്ടു കഴിയുമ്പോൾ 'ഫ്ളൂറൈഡ്' ആയി ഞാൻ മാറും. ബന്ധത്തിലേർപ്പെടുന്ന കക്ഷികളുടെ സ്വഭാവമനുസരിച്ച് എന്റെ സ്വഭാവത്തിലും മാറ്റങ്ങളുണ്ടാകും. എനിക്ക് ലോകമെങ്ങും വമ്പിച്ച വരവേല്പാണു ലഭിച്ചത്. കാരണം, എന്നെ കമ്പോളത്തിലവതരിപ്പിച്ചത് ബഹുരാഷ്ട്രകമ്പനികളായിരുന്നു. അങ്ങനെ 'ചെത്തി' നടക്കുമ്പോളാണ് എനിക്ക് ലഭിച്ച പ്രചാരം ഒരു ചതിയുടെ ഭാഗമാണെന്ന കഥ പുറത്തു വന്നത്. <u>ഇപ്പോൾ 'ഫ്ളൂറൈഡ്' അടങ്ങിയ 'ടൂത്ത് പെയ്സ്റ്റും' മാർക്കറ്റിൽ നിന്നു അപ്രത്യക്ഷമായിരിക്കുന്നു. 'ദന്തസംരക്ഷണത്തിനു ഫ്ളൂറൈഡ്' എന്ന പരസ്യം കാണുവാനുമില്ല. എന്താണ് ആ ചതി എന്നറിയണ്ടേ?</u>

അണുബോംബ് നിർമാണം അമേരിക്കയിൽ തകൃതിയായി നടക്കുന്ന കാലം - അതായത്, 1944. മാൻഹാറ്റൺ പദ്ധതി പ്രകാരം അണുബോംബിന് വേണ്ടടൺകണക്കിനു ഫ്ളൂറൈഡ് ഉല്പാദിപ്പിക്കുന്നത് ഡ്യൂപോൺഡ് കമ്പനിയും. ഫ്ളൂറൈഡിന്റെ അംശങ്ങൾ വായുവിലും ജലത്തിലും പ്രവേശിക്കുന്നു. വമ്പിച്ച കൃഷിനാശം. ഒപ്പം, ജന്തുക്കളിൽ രോഗലക്ഷണങ്ങളും. പച്ചക്കറികൾ കഴിക്കുന്നവർ ഛർദിക്കുന്നു. കാരണമറിയാതെ ജനങ്ങൾ വിഷമിച്ചു. അണുബോംബ് നിർമാണവും ബന്ധപ്പെട്ട കാര്യങ്ങളും അതീവരഹസ്യമായതിനാൽ ഫ്ളൂറൈഡാണ് യഥാർത്ഥ 'വില്ലനെന്ന്' ജനങ്ങളറിഞ്ഞില്ല. പക്ഷേ ഇതറിയാവുന്നവരുണ്ടായിരുന്നു. മാൻഹാട്ടൺ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ശാസ്ത്രജ്ഞന്മാരും ഡ്യൂപോൺഡ് കമ്പനിയും. യുദ്ധം കഴിഞ്ഞപ്പോൾ ന്യൂജേഴ്സിയിലെ കർഷകർ ഡ്യൂപോൺഡ് കമ്പനിക്കെതിരെ കോടതിയിലെത്തി. പദ്ധതിയിലുൾപ്പെട്ടിരുന്ന ശാസ്ത്രജ്ഞന്മാരും സർക്കാരും പ്രതിസന്ധിയിലായി. അണുബോംബുനിർമാണം അമേരിക്ക തുടരുകയാണ്. സത്യം വെളിയിൽ വന്നാൽ ബോംബിന്റെ നിർമ്മാണം നിർത്തേണ്ടിവരും. മാത്രവുമല്ല, വൻനഷ്ടപരിഹാരം കൊടുക്കേണ്ടതായും വരും. ഇതിലുപരി, ലോകസമൂഹത്തിന്റെ മുമ്പിൽ പരിഹാസിതരായിത്തീരും. കർഷകരുടെ കേസിനെ തോല്പിക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയായി. 'ശാസ്ത്ര രഹസ്യങ്ങൾ' അതീവരഹസ്യമായിത്തന്നെ സൂക്ഷിക്കുവാൻ ശാസ്ത്രജ്ഞന്മാരും സർക്കാർ പ്രതിനിധികളും തീരുമാനിച്ചു. കൃഷിനാശം താൽക്കാലികമാണെന്നു പറഞ്ഞ കമ്പനി നഷ്ടപരിഹാരവും നൽകി. ഒപ്പം, ഏറ്റവും വലിയ ശാസ്ത്രീയ കണ്ടുപിടിത്തവും പുറത്തുവിട്ടു- "ദന്തസംരക്ഷണത്തിന് ഫ്ളൂറൈഡ് സഹായിക്കും".

ഈ ശാസ്ത്രീയ കണ്ടുപിടിത്തം ലോകമെങ്ങും പ്രചരിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഒരു പ്രശസ്ത അക്കാദമികകേന്ദ്രമായി മാറിയ റോച്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ നിന്നു പുറത്തുവന്ന ഈ കണ്ടുപിടിത്തം പ്രചരിപ്പിക്കുവാനും എളുപ്പമായി. അമേരിക്കൻ പ്രതിരോധവകുപ്പുകളുടെ വമ്പിച്ച സാമ്പത്തിക സഹായം ശാസ്ത്രഗവേഷണങ്ങൾക്ക് ലഭിച്ചിരുന്നതിനാൽ പ്രശസ്തിയിലേക്കുയരുവാനും റോച്ചസ്റ്റർ യൂണിവേഴ്സിറ്റിക്ക് എളുപ്പം സാധിച്ചു.

"ദന്തസംരക്ഷണത്തിന് ഫ്ളൂറൈഡ്" എന്ന മുദ്രാവാക്യത്തിന്റെ മുനയൊടിഞ്ഞ സംഭവങ്ങളാണ് അടുത്ത കാലത്തുണ്ടായിരിക്കുന്നത്. ചില ശാസ്ത്രഗവേഷകർ, ദന്തസംരക്ഷണത്തിൽ ഫ്ളൂറൈഡിന് യാതൊരു പങ്കുമില്ലെന്നും, മറ്റു ചിലർ, പല്ലുകൾ ദ്രവിക്കുന്നതിൽ ഫ്ളൂറൈഡിന് യാതൊരു പങ്കുമില്ലെന്നും, പറഞ്ഞുതുടങ്ങിയിരിക്കുന്നു. ഫ്ളൂറൈഡ് ശരീരത്തിനുള്ളിൽ ചെല്ലുന്നത് അപകടകരമാണ്. 'ഫ്ളൂറോസിസ്' എന്ന രോഗത്തിനിടയാക്കും. ഫ്ളൂറൈഡ് ശരീരത്തിനുള്ളിൽ ഒരു പ്രത്യേക അളവിൽ കൂടുതലാകുമ്പോൾ അസ്ഥികൾക്ക് വേദന, എരിച്ചിൽ, മസ്സിലുകൾക്ക് ബലഹീനത തുടങ്ങിയവയുണ്ടാകും. അസ്ഥികൾക്ക് കോട്ടം വരുന്നതിനു മുമ്പ് പല്ലുകളിൽ നിന്ന് ഇത് മനസ്സിലാക്കുവാൻ സാധിക്കും. പല്ലിൽ വെളുത്ത പാടും തവിട്ടുനിറവും കൂടുതലായി കാണും. എക്സ്റേ എടുത്തുനോക്കിയാൽ ലിഗമെൻറുകളിലും അസ്ഥികളിലും കാൽസ്യത്തിന്റെ നിക്ഷേപങ്ങൾ കാണാവുന്നതാണ്. ഫ്ളൂറൈഡിന്റെ അളവ് കൂടിയാൽ കാൻസറുൾപ്പെടെയുള്ള മറ്റനവധി രോഗങ്ങൾക്കടിമയാകും.

ഫ്ളൂറൈഡ് ഉള്ള ടൂത്ത് പെയ്സ്റ്റും ഫ്ളൂറിഡേഷൻ പരിപാടിയും പിൻവലിച്ചാൽ പോലും ഫ്ളൂറൈഡ് മനുഷ്യനിലെത്താൻ മറ്റു ചില മാർഗങ്ങളുണ്ട്. ഫ്ളൂറൈഡുള്ള സ്വാഭാവികജലമാണത്. ഭാരതത്തിൽ തന്നെ ചില പ്രദേശങ്ങളിൽ, ജലത്തിൽ ഫ്ളൂറൈഡിന്റെ അളവു കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ 'ഫ്ളൂറോസിസ്' എന്ന രോഗവും കണ്ടുവരുന്നു. *ഫ്ളൂറൈഡ് ഉള്ള ജലത്തിൽ പാചകം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലൂടെയും, കുപ്പിയിലടച്ചു വരുന്ന ശീതളപാനീയങ്ങളിൽ കൂടിയും ഫ്ളൂറൈഡ് ശരീരത്തിനുള്ളിൽ പ്രവേശിക്കാം. ഫ്ളൂറൈഡ് ഒരു പാരിസ്ഥിതിക പ്രശ്നക്കാരനായിത്തീർന്നിരിക്കുന്നു.*

ശാസ്ത്രസത്യങ്ങളെ എങ്ങനെ ദുരുപയോഗം ചെയ്യാമെന്നുള്ളതിനേറ്റവും മികച്ച ഉദാഹരണത്തിന് എന്റെ കാര്യം തന്നെ മതി. ശാസ്ത്രഗവേഷണങ്ങൾ ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങളിൽ സാമൂഹ്യപ്രതിബദ്ധതയോടെ നടക്കണമെന്നു പറയുന്നത് അതുകൊണ്ടാണ്. 'ശാസ്ത്രം സാമൂഹ്യനന്മയ്ക്ക്' എന്നുള്ള മുദ്രാവാക്യം നിങ്ങൾ കേട്ടുകാണും. മറിച്ചുള്ള ശാസ്ത്രഗവേഷണങ്ങളുമുണ്ടെന്ന് ഇപ്പോൾ മനസ്സിലായില്ലേ?

# KCC NEWS

The Kerala Council of Churches is an autonomous and inter-confessional Body comprising churches and christian organisations in Kerala. It is a constituent member of the National Council of Churches in India.

Office : Manganam P.O., Kottayam - 686 018, Kerala
Tel: 91-0481 - 575666
e- mail : ktm kercouch @ sanchar. net. in
Webiste : http : // www. keralacouncilofchurches. org /




*KCC Stall at Maramon Convention 2002*

## സ്ത്രീപീഡനത്തിനെതിരെ നടപടികൾ

കെ.സി.സി.യുടെ വനിതാ എക്യുമെനിക്കൽ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മാർച്ച് 2-ന് കോട്ടയത്തു ചേർന്ന സമ്മേളനം സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനാവശ്യമായ ശക്തമായ നടപടികൾക്കു രൂപം കൊടുക്കാൻ തീരുമാനമെടുത്തു.

■■

## മതസൗഹാർദം നിലനിർത്താൻ ആഹ്വാനം

കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിൻെറ പല ഭാഗങ്ങളിലായി നടമാടിയ അക്രമപ്രവർത്തനങ്ങളെ കെ.സി.സി. ശക്തമായി അപലപിച്ചു. തുടർച്ചയായി ആവർത്തിക്കപ്പെടുന്ന ഹർത്താലും പൊതുപണിമുടക്കും ജനജീവിതം സ്തംഭിപ്പിക്കുന്നു. മതത്തിൻെറയും പ്രത്യയശാസ്ത്രങ്ങളുടെയും പേരിൽ നിയമം കൈയിലെടുക്കാൻ ആരെയും അനുവദിച്ചുകൂടാ. സ്നേഹത്തിലും പരസ്പരവിശ്വാസത്തിലും അധിഷ്ഠിതമായ സാമൂഹ്യജീവിതം ഉറപ്പുവരുത്താൻ കെ.സി.സി. ആഹ്വാനം ചെയ്തു.

■■

## Move against closure of un-economic schools

The KCC Excecutive considered this issue and proposed a joint action of the member churches and organisations against the Govt.'s move for closure of un-economic schools.

## പ്രതികരണങ്ങൾ

ക്രൈസ്തവ വിശ്വാസപരമായ കാര്യങ്ങൾ പരാമർശിക്കുമ്പോൾ ഏതെങ്കിലും വ്യക്തിയോ സഭയോ എന്ത് പഠിപ്പിക്കുന്നുവെന്നു നോക്കാതെ, ബൈബിൾ എന്തു പറയുന്നുവെന്ന മാനദണ്ഡം സ്വീകരിച്ചാൽ തെറ്റുപറ്റുകയില്ല. ഫാ. ഡോ. കെ. എം. ജോർജിൻെറ പരാമർശത്തിലെ രണ്ട് സംശയങ്ങൾ ചൂണ്ടികാണിക്കട്ടെ. മറ്റു മതങ്ങളെയും മനുഷ്യരെയുമൊക്കെ ന്യായം വിധിക്കുന്ന ആത്മനീതിമത്കരണം ക്രിസ്തീയമല്ല എന്നു ഫാ. ജോർജ് പറയുമ്പോൾ ക്രിസ്തു അസന്നിഗ്ദ്ധമായി പറയുകയാണ്. "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു. എനിക്കു മുമ്പ് വന്നവരൊക്കെയും കള്ളന്മാരും കവർച്ചക്കാരുമത്രേ." (യോഹ. 10-8) ഈ ലോകത്തിൽ വച്ചുണ്ടാകുന്ന ചെറിയ അനുഭവങ്ങൾ വച്ച് രക്ഷയുടെ പൂർണത ഇപ്പോൾ അവകാശപ്പെടാമെന്ന് ഓർതഡോക്സ് സഭ പഠിപ്പിക്കുന്നില്ല". ബൈബിൾ പറയുകയാണ്: ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. എൻെറ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിലാകാതെ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.

*ജോർജ് വർഗീസ്, നെടുങ്ങാടപ്പള്ളി.*

■■

## APPRECIATION

I am glad NEW VISION is doing a wonderful job. I think it has had a lift recently. All best wishes !

*Adv. K. I Ninan, Kottayam*

## അറിയിപ്പ്

● ജോയിൻറ് ഇക്കോളജിക്കൽ കമ്മിഷൻെറ ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് പീരുമേട്ടിലെ നല്ലതണ്ണി ക്യാമ്പ് സൈറ്റിൽ ഏപ്രിൽ അവസാനവാരം നടത്തപ്പെടുന്നു. കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ മാത്യു അറയ്ക്കലിൻെറ ആതിഥേയത്വത്തിലാണ് ക്യാമ്പ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അമ്പതു പേർക്ക് മാത്രമേ പ്രവേശനമുണ്ടായിരിക്കയുള്ളൂ.

● ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെൻററിൽ മെയ് 20 മുതൽ 26 വരെ നടക്കുന്ന പരിസ്ഥിതി പഠന സമ്മേളനത്തിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ പേര്, മേൽവിലാസം, വയസ്, വിദ്യാഭ്യാസയോഗ്യത തുടങ്ങിയ വിവരങ്ങൾ ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് ഏപ്രിൽ പത്തിനകം അപേക്ഷിക്കേണ്ടതാണ്. യാത്രക്കൂലി ഉൾപ്പെടെയുള്ള ചെലവുകൾ സംഘാടകർ വഹിക്കും.

*അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:-*

പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്
സെക്രട്ടറി, ജോയിൻറ് ഇക്കോളജിക്കൽ കമ്മിഷൻ
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652

## പുസ്തക പരിചയം

■ **കുഞ്ഞരിപ്രാവിനെ നെഞ്ചിലേറ്റിയവർ**

റവ. രാജി ഡാൻ കെ. ഫിലിപ്പോസ്

സി.എസ്.എസ്. തിരുവല്ല. ■ വില: 35/- രൂപ.

ഉന്നതമായ ജീവിതാവബോധത്തിൻെറ തട്ടകത്തിൽ നിന്നുകൊണ്ട് മനുഷ്യൻെറ സങ്കടങ്ങളും പ്രതീക്ഷകളും ഒറ്റപ്പെടലും ചെറുത്തുനില്പും വരച്ചുകാട്ടുന്ന ചെറുകഥകൾ. ജീവിതത്തിൻെറ നഖചിത്രങ്ങളാകുന്ന ഈ കഥകൾ ആത്മാവിഷ്കാരങ്ങളാണ്. പ്രേഷിതപ്രവർത്തനങ്ങൾക്കിടയിൽ ലഭിക്കുന്ന അമൂല്യ സംഭവങ്ങളിൽ നിന്നു അനവധി കഥകൾ സൃഷ്ടിക്കുവാൻ യുവവൈദികനായ ഗ്രന്ഥകാരനു തുടർന്നും സാധിക്കട്ടെ.

■ **പരിസ്ഥിതി വേദപഠനങ്ങൾ**

പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്.

സി. എസ്. എസ്., തിരുവല്ല. വില : 40/- രൂപ.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വേദപഠനങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ കുറവ് പരിഹരിക്കുവാൻ സഹായിക്കുന്ന ഒരു ഗ്രന്ഥം. പ്രശസ്തമായ പരിസ്ഥിതി ദൈവശാസ്ത്രജ്ഞന്മാരുടെ വേദപഠനങ്ങൾ.

**BOOK REVIEW**

# പ്രിയനൊരു പ്രേമഗാനം

## *ഉത്തമഗീതം- ഒരു ആസ്വാദനം*

വർത്തമാനകാലമാകാൻ കഴിയാത്ത ഒരു ഭൂതകാലം സ്മരണീയമല്ല എന്ന് കിർക്ഗാർഡ് പറഞ്ഞിട്ടുണ്ട്. വേദപുസ്തകത്തിലുൾപ്പെടുത്താൻ പണ്ഡിതന്മാർ മടിച്ച ഒരു ഗ്രന്ഥമാണ് ഉത്തമഗീതം. മറ്റു വിശുദ്ധ പുസ്തകങ്ങൾക്കൊപ്പമൊരു സ്ഥാനം ഉത്തമഗീതത്തിന് ജനഹൃദയങ്ങളിൽ ലഭിച്ചില്ല. ഈ പുസ്തകത്തിൽ കാണുന്ന സ്ത്രീ-പുരുഷ ഹൃദയബന്ധത്തിന്റെ തുറന്ന ആവിഷ്കാരം പരമ്പരാഗത സദാചാരബോധത്തിന് നിരക്കുന്നതായിരുന്നില്ല എന്നതാണ് ഇതിനു കാരണം. പണ്ഡിതന്മാരും ആത്മീയവാദികളുമായ കുറച്ചുപേർ ഇതു വായിച്ചു. അവർ ഇതിലെ 'ആത്മീയത' മാത്രം കണ്ടു. സാഹിത്യപ്രേമികൾ ഇതിന്റെ കാവ്യഭംഗി ആസ്വദിച്ചു. മറ്റു ചിലർക്കാകട്ടെ ഇത് ഇന്ദ്രിയാഹ്ലാദപ്രദമായി. എന്നാൽ സാധാരണക്കാർക്ക് ഇത് എന്നും അനഭിലഷണീയവും അനഭിഗമ്യവുമായി നിലകൊണ്ടു. അവർക്കായി ഈ ഗ്രന്ഥം തുറന്നുകൊടുക്കാനുള്ള ഒരു ആത്മാർത്ഥ ശ്രമമാണ് 'പ്രിയനൊരു പ്രേമഗാനം' എന്ന ഉത്തമഗീത പഠനത്തിലൂടെ 'തീർത്ഥാടകൻ' എന്ന തൂലികാനാമത്തിലൊളിച്ചിരിക്കുന്ന ഗ്രന്ഥകാരൻ നടത്തുന്നത്. നാലു ഭാഗങ്ങളടങ്ങിയതാണ് ഈ പഠനം. പശ്ചാത്തല വിവരണം, ഈ കാവ്യത്തിന്റെ അതുല്യതയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ, ഒരു പഴയനിയമഗ്രന്ഥമെന്ന നിലയിലുള്ള പഠനം, വിശോത്തര പ്രേമഗാനങ്ങളുമായുള്ള താരതമ്യം, വ്യാഖ്യാനരീതികളുടെ വിവരണം, ഈ ഭാഷ്യത്തിനൊരു മുഖവുര എന്നിവയടങ്ങുന്നതാണ് ആദ്യ ഭാഗം. രണ്ടാം ഭാഗം പൂർണമായും വാക്യാധിഷ്ഠിത വ്യാഖ്യാനമാണ്. മൂന്നാം ഭാഗം ഈ കാവ്യത്തിലെ മുഖ്യ വിഷയത്തിന്റെ വിശകലനവും നാലാം ഭാഗം ഇതിന്റെ കാലികപ്രസക്തിയും വെളിപ്പെടുത്തുന്നു.

ഉത്തമഗീതത്തിലൂടെ ഗവേഷകനും സത്യാന്വേഷിയും സഹൃദയനുമായ ഒരാൾ നടത്തുന്ന തീർത്ഥാടനം തന്നെയാണ് ഈ പഠനം. തലനാരിഴകീറിയുള്ള വ്യാഖ്യാനപഠനങ്ങളിലേക്ക് തിരിയും മുമ്പുള്ള ആദ്യഭാഗത്ത് ഒരു ചരിത്രഗവേഷകനെയും സാഹിത്യപ്രേമിയെയും കാണാം. ഈ കൃതിയുടെ പശ്ചാത്തലം, അതിന്റെ കർത്തൃത്വം, കാലം എന്നിവയെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ തീർത്ഥാടകൻ ചരിത്രഗവേഷകനാകുമ്പോൾ, ഇതര ഭാഷാകാവ്യങ്ങളുമായുള്ള താരതമ്യപഠനത്തിലും ഈ കൃതിയുടെ കാവ്യഭംഗിയുടെ വിവരണത്തിലും തരളഹൃദയനായ ഒരു സാഹിത്യാസ്വാദകൻ നമ്മുടെ മനസ്സുകളുമായി സംവേദിക്കുന്നു. ഈ പുസ്തകത്തിന്റെ നല്ലൊരു ഭാഗം വ്യാഖ്യാനപഠനത്തിനു നീക്കി വച്ചിരിക്കുകയാണ്. ഈ പഠനം വൈദികവിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്പെടും. ഓരോ വാക്കുമെടുത്ത്, അതിന്റെ ഉത്ഭവത്തിൽ തുടങ്ങി പ്രയോഗത്തിന്റെ പിന്നിലെ സാമൂഹ്യപശ്ചാത്തലം വരെ വിശദമാക്കുന്നുണ്ട്. ഈ ഭാഗത്ത് കർക്കശമായ പാണ്ഡിത്യത്തിന്റെയും ഗവേഷണത്തിന്റെയും വിരസത നമുക്കനുഭവപ്പെടുന്നു. എന്നാൽ അവിടെയും ഒളിമിന്നുന്ന കാവ്യാസ്വാദനക്ഷമതയും ആത്മീയാഭിവാഞ്ഛയും നമ്മെ മുന്നോട്ടു നയിക്കുന്നു.

ഇത്തരമൊരു പഠനഗ്രന്ഥത്തിൽ നാം തീരെ പ്രതീക്ഷിക്കാത്ത സാമൂഹ്യവിമർശനവുമുണ്ട്. ചിലപ്പോൾ ഒരു വാക്ക്, മറ്റു ചിലപ്പോൾ ഒരു ആചാരം/ ഒരു കാവ്യബിംബം ഈ തീർത്ഥാടകനെ വർത്തമാനകാലത്തിലേക്ക് പിടിച്ചു വലിക്കുന്നു. അതിന്റെ തിന്മകളിൽ അദ്ദേഹം രോഷംകൊള്ളുന്നു. സ്ത്രീവിമോചനത്തിനായി വാദിക്കുവാനും കപട സദാചാരബോധത്തെ നിശിതമായി വിമർശിക്കുവാനും, സ്വതന്ത്രചിന്തയെ പ്രോൽസാഹിപ്പിക്കുവാനുമുള്ള ഒരവസരവും അദ്ദേഹം നഷ്ടപ്പെടുത്തുന്നില്ല. തന്റെ മനസ്സിനെ മഥിക്കുന്ന ഈ ആശയങ്ങളുടെ ആവർത്തനംപോലും അദ്ദേഹം പലവുരു നടത്തിപ്പോകുന്നു. ഈ പഠനഗ്രന്ഥത്തിന്റെ അവസാനഭാഗത്ത്, ഗവേഷകനും കലാകാരനും തീർത്ഥാടകനോടു താദാത്മ്യം പ്രാപിക്കുന്നു. ഉത്തമഗീതം പ്രേമകാവ്യമാണ്. മനുഷ്യൻ അതറിയും; ആസ്വദിക്കുകയും ചെയ്യും. എന്നാൽ, ആ യാഥാർത്ഥ്യത്തിന്റെ മണ്ണിൽ ഈ തീർത്ഥാടകന്റെ കാലുകൾ കുഴയുന്നില്ല. ഈ മൗലിക ഹൃദയഭാവത്തിൽ അദ്ദേഹം, എക്കാലത്തെയും മനുഷ്യാത്മാവിന്റെ ആ വലിയ വാഞ്ഛ കാണുന്നു. അതിൽ പിടയുന്ന ആത്മാവിന്റെ കേഴൽ കേൾക്കുന്നു. ഇവിടെ പ്രിയനും, പ്രിയയും രൂപാന്തരം പ്രാപിക്കുന്നു. അവർ ക്രിസ്തുവും മനുഷ്യസമൂഹവുമാകുന്നു; ക്രിസ്തുവും സഭയുമാകുന്നു. സകലത്തിൻെറയും ഉത്തരം ക്രിസ്തുവിലത്രെ എന്ന സത്യത്തിലേക്ക് തീർത്ഥാടകൻ നീങ്ങുന്നു. അറിഞ്ഞതൊന്നും അറിവല്ലെന്നും, സാദ്ധ്യമായത് ഉപാന്ത്യാർത്ഥമാണെന്നുമുള്ള തിരിച്ചറിവ് ഈ ഗ്രന്ഥകാരനു ലഭിച്ചുവെന്നതാണ് ഏറ്റം സന്തോഷകരമായ കാര്യം. ദൈവകൃപയുടെ നിറവിലൂടെ മാത്രം ലഭിക്കുന്ന ഈ തിരിച്ചറിവ് വേദപുസ്തകഗ്രന്ഥങ്ങളിലൂടെ തീർത്ഥാടനം നടത്താൻ തുടർന്നും അദ്ദേഹത്തെ സഹായിക്കുമാറാകട്ടെ!

**ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പ,**
**റാന്നി**

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India under No.KER BIL/2000/1543
Annual subscription: Rs.75/-
APRIL 2002
Postal Regn. No. KL/CR/KTM/362/2002



*ബിഷപ്പ് ഏബ്രഹാം മാർത്തോമാ സ്മാരക പ്രഭാഷണം ഇരവിപേരൂർ മാർത്തോമാ പള്ളിയിൽ - തോമസ് മാർ തിമൊത്തിയോസ് എപ്പിസ്കോപ്പ പ്രസംഗിക്കുന്നു. ബിഷപ്പ് തോമസ് സാമുവൽ, റവ. എം. സി. ജോൺ, റവ. ജോർജ് സഖറിയ, റവ. ജോസഫ് മാത്യു, റവ. ജോൺസൺ പി. മാത്യു എന്നിവർ വേദിയിൽ*

ഏബ്രഹാം മാർത്തോമാ സ്മാരക പ്രഭാഷണമദ്ധ്യേ ബിഷപ്പ് തോമസ് സാമുവൽ നടത്തിയ മർമപ്രധാനങ്ങളായ പരാമർശങ്ങൾ താഴെക്കൊടുക്കുന്നു. ഒരു ചർച്ചയ്ക്ക് വിധേയമാക്കാവുന്ന വിഷയങ്ങളാണവ. ചർച്ചയിൽ പങ്കെടുക്കുവാൻ ഏവരേയും ക്ഷണിക്കുന്നു. ചർച്ചകൾക്കു ബിഷപ്പ് മറുപടി പറയുമെന്നു പ്രതീക്ഷിക്കുന്നു.

- സുവിശേഷ പ്രവർത്തനങ്ങൾക്ക് ഒരു മതേതരസ്വഭാവം വേണം.
- ക്രൈസ്തവദൗത്യത്തിൻെറ സാമൂഹ്യമാനം കുറഞ്ഞുവരുന്നത് ശരിയല്ല.
- സ്നേഹം വിഭാഗീയമാകരുത്. മത, ജാതിചിന്തകൾക്കതീതമായി എല്ലാവരേയും സ്നേഹിക്കുവാൻ ക്രൈസ്തവർ തയാറാകണം.
- വ്യക്തികളെ സ്നാനപ്പെടുത്തി സഭയോടു ചേർക്കുകയെന്ന കാഴ്ചപ്പാടിന് ഭാരതത്തിൻെറ മതബഹുല സമൂഹത്തിൽ മാറ്റമുണ്ടാകണം. ഒരു paradigm shift ഇവിടെയാവശ്യമാണ്.
- ക്രൈസ്തവനും അക്രൈസ്തവനും എന്ന കാഴ്ചപ്പാടു മാറ്റി, വ്യക്തിയും വ്യക്തിത്വം നിഷേധിക്കപ്പെട്ടവനും എന്ന ദർശനം വളർത്തിയെടുക്കണം.
- ഭാരതത്തിൻെറ സാംസ്കാരിക പശ്ചാത്തലം ഉൾക്കൊള്ളാതെ നടത്തുന്ന സുവിശേഷപ്രവർത്തനങ്ങൾ പ്രസക്തമായിരിക്കയില്ല.
- സ്ഥാപനാത്മകമായ സഭയ്ക്കു സുവിശേഷപ്രവർത്തനങ്ങളിലേർപ്പെടുന്നതിനു ചില പരിമിതികൾ ഇപ്പോഴുണ്ട്. ആയതിനാൽ, ഇനിയും വ്യക്തികൾ ഈ വെല്ലുവിളികൾ ഏറ്റെടുത്തു മുമ്പോട്ടു കൊണ്ടുപോകണം.

*ചീഫ് എഡിറ്റർ*

Printed & Published by Rev. Prof. K. C. Mathew at Manganam, Kottayam and owned by Rev. Prof. K. C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Prof. Mathew Koshy Punnackad. ■ Printed at Learners' Offset Printers, CMS College Road, Kottayam.